## 66

# യൂദായുടെ മരണവും റോമൻ വിചാരണയും

## (27:1- 31)

കഷ്ടാനുഭവാഴ്ച്ചയുടെ വെള്ളിയാഴ്ച്ചയാണ് അദ്ധ്യായം 27-ൽ പറഞ്ഞ മിക്ക സംഭവങ്ങളും നടന്നത്. അന്ന് രാവിലെ യെഹൂദ ന്യായാധിപസഭ കൂടി, ഔദ്യോഗികമായി യേശുവിനെ മരണശിക്ഷക്ക് വിധിക്കുവാനും, അത് പിലാത്തൊസിന്റെ മുൻപിൽ അവതരിപ്പിക്കുവാനും തീരുമാനിച്ചു (27:1, 2). അതിന്റെ ഫലമായി,യേശുവിനെ ഒറ്റിക്കൊടുത്തതിനാൽ യൂദാ തീവ്രദുഃഖിതനായി തീർന്നു. തനിക്ക് ലഭിച്ച രക്തവില അവൻ യെഹൂദ മതാദ്ധ്യക്ഷന്മാരുടെ അടുക്കൽ ഏൽപിക്കുവാൻ ശ്രമിച്ചെങ്കിലും, അവർ സ്വീകരിച്ചില്ല, അവൻ അവസാനം കെട്ടി ഞാന്നു ചത്തുകളഞ്ഞു (27:3-10).

മരണശിക്ഷ നടപ്പാക്കുവാൻ യെഹൂദന്മാർക്ക് അവകാശമില്ലായ്കയാൽ, അവർ അവനെ, യെഹൂദ്യയിലെ നാടുവാഴിയായിരുന്ന പിലാത്തൊസിന്റെ അടുക്കലേക്ക് അയച്ചു. പിലാത്തൊസ് അവനിൽ മരണകരമായ കുറ്റം ഒന്നും കാണായ്കയാൽ, മതാദ്ധ്യക്ഷന്മാർ ജനത്തെ അവനെതിരായി ഇളക്കിവിട്ടു അവനെ കൊല്ലുവാൻ മുറവിളി കൂട്ടി. അവസാനം പിലാത്തൊസ് യെഹൂദന്മാരുടെ ഇംഗിതത്തിനു വഴങ്ങി. അവനെ ക്രൂശിക്കുന്നതിനു മുൻപ്, പതിവ് അനുസരിച്ച് കഠിനമായി മർദ്ദിച്ചു (27:11-26).

റോമൻ പടയാളികൾ അവനെ നിർദ്ദാക്ഷിണ്യമായി പരിഹസിച്ചു. അവനെ ഒരു രാജാവായി ആദരിക്കുന്നു എന്ന നാട്യേനയായിരുന്നു അതെല്ലാം. ചാട്ടവാറുകൊണ്ടടിച്ചശേഷം, പാളയത്തിനു പുറത്തുകൊണ്ടുപോയി ക്രൂശിച്ചു (27:27-32).

### ന്യായാധിപസഭയുടെ വധശിക്ഷ (27:1, 2)

**1പുലെർച്ചക്കു മഹാപുരോഹിതന്മാരും ജനത്തിന്റെ മൂപ്പന്മാരും എല്ലാം യേശുവിനെ കൊല്ലുവാൻ കൂടി വിചാരിച്ചു. 2അവനെ ബന്ധിച്ചുകൊണ്ടുപോയി നാടുവാഴിയായ പിലാത്തൊസിനെ ഏൽപിച്ചു.**

**വാക്യങ്ങൾ 1, 2.** രാത്രിയിൽ, ന്യായാധിപസഭയിലെ എത്രത്തോളം അംഗങ്ങളെ സംഘടിപ്പിക്കാമോ, അവരെയെല്ലാം ഉൾപ്പെടുത്തി **യേശുവിനെ** വിചാരണ നടത്തിയിരിക്കും. യേശുവിനെ ദൈവദൂഷണത്തിന് **മരണ**ശിക്ഷക്ക് വിധിക്കണം എന്ന തീർപ്പിൽ അവർ എത്തിയിരുന്നുവെങ്കിലും (26:66), അത്തരം തീരുമാനം രാത്രിയിൽ എടുക്കുന്നത് നിയമവിരുദ്ധമായിരുന്നു (26:57 ന്റെ പരാമർശം നോക്കുക). അതുകൊണ്ട്, അവരുടെ തീരുമാനം നിയമപരമെന്നു തോന്നിപ്പിക്കുവാൻ, ന്യായാധിപസഭ ഒക്കെയും (**മഹാപുരോഹിതന്മാരും ജനത്തിന്റെ മൂപ്പന്മാരും**) സഭ സമ്മേളിക്കുന്ന ഹാളിൽ ഒന്നിച്ചുകൂടി (മർ.

15:1; ലൂക്കൊ. 22:66). ആ യോഗത്തിന്റെ ഉദ്ദേശം, അവരുടെ തീരുമാനം നിയമപരമാണെന്ന് വരുത്തിതീർക്കുവാനും, യേശു മരണയോഗ്യനാണെന്നതിന് എന്തെല്ലാം ന്യായങ്ങൾ പിലാത്തൊസിന്റെ മുൻപിൽ അവതരിപ്പിക്കണം എന്നും ആലോചിക്കുക എന്നതായിരുന്നു. ന്യായാധിപസഭ അവരുടെ പദ്ധതി പെട്ടെന്ന് തീർക്കേണ്ടിയിരുന്നു, കാരണം റോമൻ ഭരണാധികാരികൾ അവരുടെ ഔദ്യോഗികമായ കാര്യങ്ങളെല്ലാം പ്രഭാതത്തിലായിരുന്നു തീർപ്പാക്കിയിരുന്നത്.[1] യെഹൂദന്മാർ പ്രഭാതത്തിൽ പ്രാർത്ഥിക്കുന്ന പതിവുണ്ടായിരുന്നു, പക്ഷെ ന്യായാധിപസഭയിലെ അംഗങ്ങളുടെ അന്നത്തെ പ്രാർത്ഥന യേശുവിനെതിരായ തീരുമാനം എടുക്കുവാൻ അവർ ഒഴിവാക്കി – അല്ലെങ്കിൽ ചുരുങ്ങിയത്, അവരുടെ പ്രാർത്ഥനയിലെ സ്നേഹം നീക്കം ചെയ്തു.[2]

യേശുവിനെ ഔദ്യോഗികമായി മരണശിക്ഷക്കു വിധിച്ചശേഷം, അവർ **അവനെ ബന്ധിച്ചു**. പിന്നെ **അവർ അവനെ** ദൂരെ **പിലാത്തൊസിന്റെ അടുക്കലേക്ക് കൊണ്ടുപോയി.** ഈ സംഭവങ്ങളെല്ലാം യേശു 20:18, 19–ൽ പ്രവചിച്ചത് നിറവേറുന്നതായിരുന്നു. അവൻ "മഹാപുരോഹിതന്മാരുടേയും ശാസ്ത്രിമാരുടേയും കയ്യിൽ ഏൽപിക്കപ്പെടുകയും," അവർ അവന് "മരണശിക്ഷ വിധിക്കുകയും" "ജാതികളുടെ കയ്യിൽ ഏൽപിക്കുകയും ചെയ്യും."

പിലാത്തൊസ് യെഹൂദ്യയിലെ നാടുവാഴിയായിരുന്നു.[3] മഹാനായ ഹെരോദാവിന്റെ മരണശേഷം (ബി. സി. 4), ഈ പ്രദേശം അവന്റെ മകനായിരുന്ന അർക്കലെയാസിനെയായിരുന്നു റോമൻ ഗവൺമെന്റ് ഏൽപ്പിച്ചിരുന്നത് (2:19–22). എങ്ങനെയായാലും, പിന്നീട് അർക്കലെയാസിനെ സ്ഥാനഭ്രഷ്ടനാക്കി (ഏ. ഡി. 6), ആ പ്രദേശം ഭരിക്കുവാൻ പല നാടുവാഴികളെ നിയമിക്കയുണ്ടായി. പിലാത്തൊസിനു മുൻപ് ഇരുപതു-വർഷം നാല് നാടുവാഴികൾ ആ പ്രദേശം ഭരിച്ചിരുന്നു. പിലാത്തൊസിന്റെ വാഴ്ച്ചക്കാലം പത്തു – വർഷമായിരുന്നു (ഏ. ഡി. 26–36).

പുതിയനിയമത്തിൽ പിലാത്തൊസിന്റെ പേർ പല പ്രാവശ്യം പറഞ്ഞിട്ടുണ്ട്. ചില പുരാതന കയ്യെഴുത്തുകളിൽ അവനെ "പൊന്തിയോസ് പിലാത്തൊസ്" എന്നാണ് പറഞ്ഞിരിക്കുന്നത് (കെജെവി നോക്കുക).[4] "പൊന്തിയോസ്" കുടുംബപ്പേർ ലൂക്കൊ. 3:1 ലും; പ്രവൃ. 4:27 ലൂം; 1 തിമൊ. 6:13 ലും കാണാം. ജോസെഫസും, ഫിലെയോയും മറ്റു പുരാതന ചരിത്രകാരന്മാരും തന്റെ എഴുത്തുകളിൽ പിലാത്തൊസിനെ പറ്റി പറഞ്ഞിട്ടുണ്ട്.[5] അവരുടെ സാക്ഷ്യപ്പെടുത്തലുകളനുസരിച്ച്, പിലാത്തൊസ് "അത്യാഗ്രഹിയും, വഴങ്ങാത്തവനും, ക്രൂരനും, കവർച്ചക്കാരനും, ഞെരുക്കുന്നവനും ആയിരുന്നു."[6] അവന്റെ ഭരണകാലത്ത്, റോമൻ നിലവാരമനുസരിച്ച് കൈസറുടെ ബിംബങ്ങൾ യെരൂശലേമിൽ കൊണ്ടു വന്നു സ്ഥാപിക്കുവാൻ ശ്രമിച്ച് യെഹൂദന്മാരുടെ വികാരം ഇളക്കിവിടുന്ന രീതിയിൽ ദൈവാലയത്തിന്റെ പണം നീർച്ചാലുണ്ടാക്കുന്നതിനായി വിനിയോഗിച്ചപ്പോൾ എതിർത്ത അനേകം യെഹൂദന്മാരെയും ശമര്യക്കാരെയും കൊന്നുകളഞ്ഞു (ലൂക്കൊ. 13:1).[7] ചിലപ്പോൾ, അത്തരം പ്രവൃത്തികൾക്ക് അവൻ കർക്കശതാക്കീതിന് വിധേയനായിട്ടുണ്ട്, അത് ആളുകൾക്കിടയിൽ മാൽസര്യത്തിനുമിടയാക്കി.

മദ്ധ്യധരണ്യാഴി കടലിനടുത്തുള്ള പ്രമുഖ പട്ടണമായിരുന്ന കൈസര്യയിലായിരുന്നു[8] പിലാത്തൊസ് സാധാരണ താമസിച്ചിരുന്നത്. കൈസര്യയിലെ റോമൻ തിയേറ്റർ ഭൂഗർഭഗവേഷകർ കുഴിച്ചപ്പോൾ, 1961–ൽ "പൊന്തിയോസ്

പിലാത്തോസ്" എന്ന മേലെഴുത്തുള്ള ഒരു കല്ല് കണ്ടെടുത്തിരുന്നു. തിയേറ്റർ ഒരിക്കൽ നശിപ്പിക്കയും പിന്നെ പണിയുകയും ചെയ്തിരുന്നു. ആ കല്ല് (ക്ഷേത്രത്തിന്റെ ഭാഗമായി) കോണിപ്പടിയുടെ ഭാഗമായി വീണ്ടും ഉപയോഗിച്ചിരുന്നു. ആ മേലെഴുത്ത് ഇങ്ങനെ വായിക്കുന്നു, "... ദിസ് തൈബീരിയം, പൊന്തിയോസ് പിലാത്തോസ്, പെർഫെക്ട് ഓഫ് ജൂഡിയ, ഇറെക്ടഡ്."[9]

യെഹൂദന്മാരുടെ പെരുന്നാളിൽ കുഴപ്പം ഉണ്ടാകാതിരിക്കുവാനായി പിലാത്തൊസ് അപ്പോൾ യെരുശലേമിലേക്ക് പോയിരുന്നു. പെസഹാ കാലയളവിൽ, മതപരമായ വികാരങ്ങളും ദേശീയതയും ഏറ്റവും ഉയർന്നിരുന്ന സമയമായിരുന്നു (21:9 ന്റെ പരാമർശം നോക്കുക). ദൈവജനത്തിന്റെ പൂർവ്വപിതാക്കളെ ദൈവം മിസ്രയിം അടിമത്വത്തിൽനിന്നു വിടുവിച്ചതിന്റെ ഓർമ്മക്കായിരുന്നു ആ ആഘോഷം. അതിലുപരിയായി, അവർ റോമൻ ആധിപത്യത്തിൽനിന്നുള്ള ഒരു വിടുതലും കാംക്ഷിച്ചിരുന്നു. യെഹൂദന്മാർക്ക് മരണശിക്ഷ നടപ്പാക്കുവാനുള്ള അധികാരം ഇല്ലാത്തതിനാലും (യോഹ. 18:31), പിലാത്തൊസ് സ്ഥലത്തില്ലാതിരുന്നതിനാലും, വിധി നടപ്പാക്കുവാൻ യേശുവിനെ അവർ പിലാത്തൊസിന്റെ അടുക്കലേക്ക് അയച്ചു.

## യൂദായുടെ ദുഃഖവും മരണവും
## (27:3-10)

**3അവനെ ശിക്ഷെക്കു വിധിച്ചു എന്നു അവനെ കാണിച്ചുകൊടുത്ത യൂദാ
കണ്ടു അനുതപിച്ചു. ആ മുപ്പതു വെള്ളിക്കാശ് മഹാപുരോഹിതന്മാരുടേയും
മൂപ്പന്മാരുടേയും അടുക്കൽ മടക്കികൊണ്ടുവന്നു. 4"ഞാൻ കുറ്റമില്ലാത്ത രക്ത
ത്തെ കാണിച്ചുകകൊടുത്തതിനാൽ, പാപം ചെയ്തു" എന്നു പറഞ്ഞു. "അത്
ഞങ്ങൾക്ക് എന്ത്? നീ തന്നെ നോക്കിക്കൊൾക" എന്നു അവർ പറഞ്ഞു.
5അവൻ ആ വെള്ളിക്കാശ് മന്ദിരത്തിൽ എറിഞ്ഞു, ചെന്നു കെട്ടി ഞാന്നു
ചത്തുകളഞ്ഞു. 6മഹാപുരോഹിതന്മാർ ആ വെള്ളിക്കാശ് എടുത്തു, "അത്
രക്തവില ആകയാൽ ശ്രീഭണ്ഡാരത്തിൽ ഇടുന്നത് വിഹിതമല്ലാ" എന്നു
പറഞ്ഞു കൂടി ആലോചിച്ചു. 7പരദേശികളെ കുഴിച്ചിടുവാൻ അതുകൊണ്ട്
കുശവന്റെ നിലം വാങ്ങി. 8ആകയാൽ ആ നിലത്തിന്നു ഇന്നുവരെ രക്തനി
ലം എന്നു പേർ പറയുന്നു. 9"യിസ്രായേൽമക്കൾ വിലമതിച്ചവന്റെ വിലയായ
മുപ്പതു വെള്ളിക്കാശ് അവർ എടുത്തു, 10കർത്താവ് എന്നോട് അരുളിച്ചെയ്ത
തുപോലെ കുശവന്റെ നിലത്തിന്നു വേണ്ടി കൊടുത്തു എന്നു യിരെമ്യാ പ്ര
വാചകൻ മുഖാന്തരം അരുളിച്ചെയ്തതിന്നു അന്നു നിവൃത്തിവന്നു."**

**വാക്യങ്ങൾ** 3, 4. യേശുവിനെ അവർ **മരണശിക്ഷക്ക് വിധിച്ചു എന്നറിഞ്ഞപ്പോൾ, യൂദാ അനുതപിച്ചു.** പക്ഷെ അവന്റെ ദുഃഖം തിരിച്ചുവരുവാനിടയാക്കിയില്ല. പൗലൊസ് എഴുതി, "ദൈവഹിതപ്രകാരമുള്ള ദുഃഖമാണ്" മാനസാന്തരമുളവാക്കുന്നത് (2 കൊ. 7:10; എൻഐവി). "മാനസാന്തരം" എന്നതിനു ഉപയോഗിക്കുന്ന (*മെറ്റാനോയെവോ*) അല്ല മത്തായി ഉപയോഗിച്ചത്, എന്നാൽ "ദുഃഖം" എന്നർത്ഥം വരുന്ന (*മെറ്റാമെലോമായി*) വാക്കാണ്. യൂദാ പാപമോചനം അന്വേഷിച്ചില്ല; ഒരുപക്ഷെ തന്റെ പാപം അതി കഠിനമായതിനാൽ ക്ഷമിക്കയില്ല എന്ന് അവൻ വിചാരിച്ചിരിക്കാം. വാസ്തവത്തിലുള്ള പാപമോചനം അവൻ മനസിലാക്കാതെ പോയത് അവന് വിപത്തായി തീർന്നു;

അവൻ ശരിയായ രീതിയിൽ അതിനു ശ്രമിച്ചിരുന്നെങ്കിൽ, പത്രൊസ് യഥാസ്ഥാനപ്പെട്ടതുപോലെ അവനും യഥാസ്ഥാനപ്പെടാമായിരുന്നു (യോഹ. 21:15–19).

**കുറ്റമില്ലാത്ത രക്തത്തെ ഒറ്റിക്കൊടുത്തതിനാൽ** താൻ പാപം ചെയ്തു എന്നു തോന്നിയ യൂദാ ഒറ്റിക്കൊടുത്തതിനു പ്രതിഫലമായി ലഭിച്ച **മുപ്പതു വെള്ളിക്കാശ് മഹാപുരോഹിതന്മാരുടെയും മൂപ്പന്മാരുടേയും** അടുത്തു കൊണ്ടുവന്നു. പഴയനിയമത്തിൽ, "കുറ്റമില്ലാത്ത രക്തം" എന്ന പ്രയോഗം സൂചിപ്പിക്കുന്നത്; മരണശിക്ഷക്ക് യോഗ്യരല്ലാത്തവരെ കൊല്ലുന്നതിനെയാണ് (ആവ. 19:10; 21:8, 9; 1 ശമു. 19:5, 2 രാജാ. 21:16; 24:4; സങ്കീ. 106:38; സദൃശ. 6:17; യെശ. 59:7). യേശുവിനെ ഒറ്റിക്കൊടുത്ത് യൂദാ വാസ്തവത്തിൽ പാപം ചെയ്തിരുന്നു. പഴയനിയമ കാലത്തെ ന്യായപ്രമാണം അവൻ ലംഘിച്ചിരുന്നു: "കുറ്റമില്ലാത്തവനെ കൊല്ലേണ്ടതിന്നു പ്രതിഫലം വാങ്ങുന്നവൻ ശപിക്കപ്പെട്ടവൻ" (ആവ. 27:25).

ജനത്തിനിടയിൽ കുഴപ്പമുണ്ടാക്കാതെ യേശുവിനെ പിടിക്കുവാനായിരുന്നു യെഹൂദ മതപ്രമാണിമാരുടെ ആലോചന. അവരുടെ ദുഷ്ടതക്ക് പങ്കുചേരുവാനായി യൂദായെ അവർ കൂട്ടു പിടിച്ചിരുന്നു.

ആ ആളുകൾ, ജനത്തിന്റെ നടത്തിപ്പുകാരായിരുന്നു, അവർ അവനോട് പറഞ്ഞു, **"അത് ഞങ്ങൾക്ക് എന്ത്? നീ തന്നെ നോക്കിക്കൊൾക!"** അവർക്ക് അവനോട് ഒരു സഹതാപവും തോന്നിയില്ല, ആവശ്യമായ ഒരു നിർദ്ദേശവും നൽകിയില്ല. യൂദാ തന്റെ ഉദ്ദേശം നിറവേറ്റിക്കഴിഞ്ഞു, ഇനി അവർക്ക് അവനെ ആവശ്യമില്ലായിരുന്നു.

**വാക്യം 5.** മഹാപുരോഹിതന്മാരും മൂപ്പന്മാരും ആ പണം സ്വീകരിക്കാതിരുന്നതിനാൽ അവൻ അത് **ദൈവാലയത്തിൽ എറിഞ്ഞുകളഞ്ഞിട്ട് പൊയ്ക്കളഞ്ഞു**. ഗ്രീക്ക് വാക്ക് (*നാവോസ്*), തർജിമ ചെയ്തിരിക്കുന്നത് "വിശുദ്ധ ദൈവാലയം" എന്നാണ്, അത് പുരോഹിതന്മാർ വാസ്തവത്തിൽ ശുശ്രൂഷ ചെയ്യുന്ന വിശുദ്ധസ്ഥലമാണ്. ചിലപ്പോൾ അത് "മുഴുവൻ ദൈവാലയ സമുച്ചയമായും" പറഞ്ഞിരിക്കാം.[10] ഒരുപക്ഷെ യൂദാ രക്തവില ദൈവാലയത്തിലെ അതിവിശുദ്ധ സ്ഥലത്തേക്ക് എറിഞ്ഞിരിക്കാം. സ്ത്രീകളുടെ പ്രാകാരത്തിനടുത്ത് ഉള്ള ശ്രീഭണ്ഡാരം ലക്ഷ്യമാക്കിയായിരിക്കാം യൂദാ പണം എറിഞ്ഞത് (മർ. 12:41, 42; യോഹ. 8:20).

ഇതിനുശേഷം, **യൂദാ പോയി കെട്ടിഞാന്നു ചത്തുകളഞ്ഞു**. ലൂക്കൊസ് വിവരിക്കുന്നത് "അവന്റെ ശരീരം തലകീഴായി വീണു നടുവേ പിളർന്നു" എന്നാണ് (പ്രവൃ. 1:18). യൂദാ മരിച്ചുകഴിഞ്ഞ് കെട്ടിയിരുന്ന കെട്ട് അറ്റുപോയി ശരീരം താഴെ വീണിരിക്കുവാൻ സാധ്യതയുണ്ട്. പല ദിവസം അവന്റെ ശരീരം മരത്തിന്മേൽ തന്നെ കിടന്നിട്ട് വീർത്ത് ഘനം കൂടി താഴെ വീണിരിക്കുവാനും സാധ്യതയുണ്ട്. മൈക്കിൾ ജെ. വിൽക്കിൻസ് എഴുതി,

> പുതിയനിയമത്തിൽ ആത്മഹത്യയുടെ ഉദാഹരണം ഇതു മാത്രമാണ്. പഴയനിയമത്തിൽ, ശൗലും അവന്റെ ആയുധവാഹകനും (1 ശമു. 31:4–5), അഹിഥോഫേലും (2 ശമു. 17:23), സിംരിയും (1 രാജാ. 16:18) ആത്മഹത്യ ചെയ്തതായി പറഞ്ഞിരിക്കുന്നു. ശിംശോന്റെ മരണം ഒരു നായകന്റെ പര്യവേഷത്തിലുള്ള ആത്മഹത്യയായോ അല്ലെങ്കിൽ, തന്റെ പ്രവൃത്തികളുടെ അനന്തരഫലമായുള്ള ഒഴിച്ചുകൂടാനാവാത്ത ഒന്നായി

കണക്കാക്കാം (ന്യായാ. 16:28-31). ആത്മഹത്യ ധാർമ്മികമായ തെറ്റായി ട്ടായിരുന്നു റബ്ബിമാരുടെ യെഹൂദ മതം കണക്കാക്കിയിരുന്നത്, അത് ദൈവത്തിനെതിരായി മൽസരിച്ചതിന്റെ ഫലമായി സ്വയം ആ വ്യക്തി തിരഞ്ഞെടുത്തതാണ്.[11]

**വാക്യം 6.** കപടഭക്തിക്കാരായ യെഹൂദ മതാദ്ധ്യക്ഷന്മാർ ലംഘിച്ചാൽ പോലും ന്യായപ്രമാണത്തെ അവർ ശ്രദ്ധിച്ചിരുന്നു! **മഹാപുരോഹിതന്മാരും മൂപ്പന്മാരും ആ മുപ്പതു വെള്ളിക്കാശ് എടുത്ത് പറഞ്ഞു, "അത് രക്തവിലയാ കയാൽ, ശ്രീഭണ്ഡാരത്തിൽ ഇടുന്നത് വിഹിതമല്ല.**" അവർ ആ വെള്ളിക്കാശ് ശ്രീഭണ്ഡാരത്തിൽനിന്നെടുത്താണ് യൂദായ്ക്ക് നൽകിയത് എന്നത് അവരുടെ കാപട്യത്തിന്റെ തീവ്രത വർദ്ധിപ്പിക്കുന്നു.[12] "ശ്രീഭണ്ഡാരം" എന്നതിന്റെ ഗ്രീക്ക് വാക്ക് (*കൊർബാനാസ്*) (*കൊർബാൻ*) എന്നതുമായി ബന്ധപ്പെട്ടിരി ക്കുന്നു. "ദൈവത്തിന് സമർപ്പിച്ച ദാനം" (15:5, 6 ന്റെ പരാമർശം നോക്കുക). അശുദ്ധമായി, അവിഹിതമായി, സമ്പാദിച്ച പണം ദൈവാലയത്തിൽ കൊണ്ടു വരുന്നതിനെതിരായി ന്യായപ്രമാണം മുന്നറിയിച്ചിരുന്നു (ആവ. 23:18).

**വാക്യം 7.** രക്തവില പുരോഹിതന്മാർക്ക് ശ്രീഭണ്ഡാരത്തിലിടുവാൻ പാ ടില്ലാതിരുന്നതിനാൽ, ആ **പണം** ഉപയോഗിച്ച് **പരദേശികളെ അടക്കുവാൻ കുശവന്റെ നിലം** വാങ്ങുവാൻ തീരുമാനിച്ചു. "പരദേശികൾ" എന്ന വാക്ക് (*സേനോസിൽ* നിന്ന്), അതിനെ "വിദേശികൾ" എന്നും തർജിമ ചെയ്യാം (എൻഈബി; എൻആർഎസ്‌വി; എൻഎൽടി) . ഈ സന്ദർഭത്തിൽ, ആ വാക്ക് ജാതികളെ ഉദ്ദേശിച്ചാണ് പറഞ്ഞിരിക്കുന്നത്. യെഹൂദ സെമിത്തേരിയിൽ, സാധാരണ ജാതികളുടെ ശവം അടക്കിയിരുന്നില്ല, അതിനാൽ അത് ജാതി കൾക്ക് സൗകര്യപ്രദമായിരിക്കാം. മറ്റൊരു സാധ്യത, അന്യ ദേശങ്ങളിൽ പോ യി താമസിക്കുന്നവർ യെരുശലേമിൽ വന്നു മരിച്ചാൽ അവരെ അടക്കുന്ന തിനുമായിരിക്കാം *സീനോക്സ്* ഉപയോഗിച്ചത്. യൂദാ ആ കൂട്ടത്തിൽ പെട്ട ആളായിരുന്നു.

ആ നിലത്തെ "കുശവന്റെ നിലം" എന്നു വിളിക്കുവാൻ കാരണം കുശവൻ അവിടെ നിന്നും കളിമണ്ണു എടുത്തു ഉപയോഗിക്കുകയോ അല്ലെങ്കിൽ പൊ ട്ടിയ പാത്രങ്ങൾ അവിടെ നിക്ഷേപിക്കയോ ചെയ്തിരിക്കാം. പാരമ്പര്യം പ റയുന്നത് "കുശവന്റെ നിലം" സംബന്ധിച്ച് ചില തർക്കങ്ങളുണ്ടെങ്കിലും, അത് ഹിന്നോം താഴ്വരയുടെ തെക്കുകിഴക്കായിട്ടായിരുന്നു സ്ഥിതി ചെയ്തിരുന്നത്.[13] അജ്ഞാതരായ ആളുകളെ അടക്കുവാനായി വിവിധ സമൂഹങ്ങൾക്ക് വ്യത്യ സ്തമായ സെമിത്തേരികളുണ്ട്. അങ്ങനെയുള്ള ഓരോന്നിനേയും അറിയപ്പെ ടുന്നത് "കുശവന്റെ നിലം" എന്നാണ്.

**വാക്യം 8.** യൂദായുടെ ഒറ്റിക്കൊടുക്കലിനു ലഭിച്ച പണം കൊണ്ട് വാങ്ങിയ നിലത്തിന് ("രക്തവില"; 27:6), **രക്തനിലം** എന്നു പേരായി. പ്രവൃത്തികൾ 1:18, 19-ൽ, ലൂക്കൊസ് അരാമ്യപേരായ "അക്കൽദാമ" എന്നാണ് പറഞ്ഞിരി ക്കുന്നത്, അതിന്റെ അർത്ഥം "രക്തനിലം" എന്നാണ്. രക്തവില എന്നു പറയു ന്നതിനുപകരം, അവൻ വിവരിച്ചിരിക്കുന്നത് യൂദായുടെ ശരീരം തലകീഴായി വീണു നടുവേ പിളർന്നു എന്നാണ്. രണ്ടു പാരമ്പര്യങ്ങളിലും വൈപരീത്യ മൊന്നുമില്ല; ആളുകൾ ആ സ്ഥലത്തെ വ്യത്യസ്ത കാരണങ്ങളാൽ "രക്തനി ലം" എന്നു വിളിക്കുന്നു.

**ഇന്നു വരെ** എന്ന പ്രയോഗം, 28:15 ലും കാണാം. സംഭവം നടന്നതിനും മത്തായി സുവിശേഷം എഴുതിയതിനുമിടക്ക് ധാരാളം സമയം കടന്നുപോയിരിക്കുന്നു. മത്തായി 50കളുടെ അവസാനമോ, അല്ലെങ്കിൽ 60കളുടെ ആരംഭത്തിലോ ആണ് എഴുതിയതെങ്കിൽ, ഏകദേശം മുപ്പതുവർഷം കടന്നുപോയിരിക്കുന്നു. പഴയനിയമപുസ്തകങ്ങളായ യോശുവയുടേയും ന്യായാധിപന്മാരുടേയും പുസ്തകങ്ങളിൽ "ഇന്നുവരെ" എന്ന പ്രയോഗം കാണാം.

**വാക്യങ്ങൾ 9, 10.** ഒരിക്കൽകൂടെ, തിരുവെഴുത്തുകൾ നിറവേറുന്നതായി മത്തായി ശ്രദ്ധിച്ചിരിക്കുന്നു (1:22; 2:15, 17, 23; 4:14; 8:17; 12:17; 13:35; 21:4; 26:56). യൂദാ രക്തവില മടക്കി കൊണ്ടുവന്നതും, യെഹൂദ മതാദ്ധ്യക്ഷന്മാർ അതു കൊടുത്തു കുശവന്റെ നിലം വാങ്ങിയതും പ്രവചനനിവർത്തീകരണമാണെന്നു ഈ വാക്കുകൾ തെളിയിക്കുന്നു: "**ആകയാൽ ആ നിലത്തിന്നു ഇന്നുവരെ രക്തനിലം എന്നു പേർ പറയുന്നു; യിസ്രായേൽമക്കൾ വിലമതിച്ചവന്റെ വിലയായ മുപ്പതുവെള്ളിക്കാശ് അവർ എടുത്തു, കർത്താവ് എന്നോട് അരുളിച്ചെയ്തതുപോലെ കുശവന്റെ നിലത്തിന്നു വേണ്ടി കൊടുത്തു.**"

അതിൽ ഉപയോഗിച്ച ഭാഷ മിക്കതും സെഖര്യാവ് 11:13 ലേതാണെങ്കിലും, മത്തായി ഉദ്ധരിച്ചത് **യിരെമ്യാവിന്റെ പ്രവചനമായിരുന്നു**: "എന്നാൽ യഹോവ എന്നോട്, അത് ഭണ്ഡാരത്തിൽ ഇട്ടുകളക; അവർ എന്നെ മതിച്ചിരിക്കുന്ന മനോഹരമായോരു വില തന്നെ എന്നു കൽപിച്ചു; അങ്ങനെ ഞാൻ ആ മുപ്പതു വെള്ളിക്കാശ് വാങ്ങി യഹോവയുടെ ആലയത്തിലെ ഭണ്ഡാരത്തിൽ ഇട്ടു കളഞ്ഞു."

മത്തായി യിരെമ്യാവിന്റെ പ്രവചനം ഉദ്ധരിച്ചതിനെ കുറിച്ച് വിവിധ വിശദീകരണങ്ങൾ വന്നിട്ടുണ്ട്. (1) ശാസ്ത്രിമാർക്ക് പറ്റിയ തെറ്റിൽ വന്ന ശരിയല്ലാത്ത വിശദീകരണമാണെന്നാണ് ചിലർ കരുതുന്നത്.[14] (2) മറ്റൊരു വീക്ഷണം എന്തെന്നാൽ അത് സംരക്ഷിക്കപ്പെടാത്ത യിരെമ്യാവിന്റെ അപോക്രിഫാ പുസ്തകത്തിൽനിന്നുള്ളതാണ് എന്നത്രെ. (3) അവന്റെ പുസ്തകം ആരംഭിക്കുന്നത് ചില റബ്ബിമാരുടെ പുരാതന ലിസ്റ്റുകളോടുകൂടിയായതിനാൽ അവൻ യിരെമ്യാവിന്റെ പ്രവചനം ഉദ്ധരിച്ചതാകുവാൻ സാധ്യതയുണ്ട്. അതുകൊണ്ട്, യിരെമ്യാ പ്രവചനം എടുത്തു മൊത്തം പ്രവചനങ്ങളുടെ വിശ്വാസ്യതയെ ബോധ്യമാക്കുകയാവാം ചെയ്തത്. അതുപോലെ തന്നെ സങ്കീർത്തനത്തിലെ എഴുത്തുകൾ എടുത്ത് എബ്രായ പദ്യങ്ങളെ മൊത്തം നിലനിൽക്കുന്നതാണെന്ന് തെളിയിക്കുന്നു (ലൂക്കൊ. 24:44). (4) അവസാന വിശദീകരണമായി യിരെമ്യാവിന്റെ പ്രവചനത്തിലെ ചില മൂലകങ്ങൾ ഉദ്ധരണിയിൽ കാണാം എന്നു പറയുന്നു (യിരെ. 18:2, 3; 19:1-13; 32:6-9), മത്തായി ഉദ്ധരിച്ചത് പ്രമുഖനായ ഒരു പ്രവാചകനെയാണ് (യിരെമ്യാവ്). കുറഞ്ഞ പ്രവാചകന്മാരിൽ ഒരാളായിരുന്നു (സെഖര്യാവ്). ഇതേ രീതിയിലുള്ള അവതരണം മർക്കൊസ് 1:2, 3-ൽ കാണാം, അവിടെ യെശയ്യാവിന്റെ എഴുത്തായിരുന്നു തിരുവെഴുത്ത് തെളിവായി പറഞ്ഞിരിക്കുന്നത് (യെശ. 40:3), മലാഖിയുടെ വാക്കുകളാലായിരുന്നു അത് പറഞ്ഞത് (മലാ. 3:1). ആദ്യത്തേയും രണ്ടാമത്തേയും ഉദ്ധരണി അങ്ങനെയായിരുന്നില്ല. ഒരുപക്ഷെ സത്യം മൂന്നാമത്തേയും നാലാമത്തേയും വിവരണമായിരിക്കാം, കൂടുതൽ ആനുകൂല്യം നാലാമത്തേതിനാണ്.

## റോമൻ വിചാരണ, ഭാഗം 1
## (27:11-14)

**[11]എന്നാൽ യേശു നാടുവാഴിയുടെ മുമ്പാകെ നിന്നു, "നീ യെഹൂദന്മാരുടെ രാജാവോ?" എന്നു നാടുവാഴി ചോദിച്ചു. "ഞാൻ ആകുന്നു" എന്നു യേശു അവനോട് പറഞ്ഞു. [12]മഹാപുരോഹിതന്മാരും മൂപ്പന്മാരും കുറ്റം ചുമത്തുകയിൽ അവൻ ഒന്നും ഉത്തരം പറഞ്ഞില്ല. [13]പിലാത്തോസ് അവനോട്, "ഇവർ നിന്റെ നേരെ എന്തെല്ലാം സാക്ഷ്യം പറയുന്നു എന്നു കേൾക്കുന്നില്ലയോ" എന്നു ചോദിച്ചു. [14]അവൻ ഒരു വാക്കിന്നും ഉത്തരം പറയായ്കയാൽ നാടുവാഴി അത്യന്തം ആശ്ചര്യപ്പെട്ടു.**

**വാക്യം 11.** യൂദായുടെ മരണത്തെ വിവരിച്ചശേഷം, വാക്യം 2-ൽ നിർത്തിയ സ്ഥലത്തുനിന്ന് ആരംഭിക്കുകയായിരുന്നു. **യേശു** തന്നെ മരണശിക്ഷക്ക് വിധിക്കുവാൻ അധികാരമുള്ള ഏക വ്യക്തിയായ റോമൻ **നാടുവാഴി** പിലാത്തോസിന്റെ മുൻപിൽ വിചാരണക്ക് നിൽക്കുകയായിരുന്നു.[15] യോഹന്നാൻ 18:28 സൂചിപ്പിക്കുന്നത്, യേശുവിനെ ആസ്ഥാനത്തേക്ക് കൊണ്ടുപോയി എന്നാണ് (27:27 ന്റെ പരാമർശം നോക്കുക). എങ്ങനെയായാലും, ജാതികളുടെ കെട്ടിടത്തിൽ കയറി യെഹൂദ മതാദ്ധ്യക്ഷന്മാർ പെസഹാ പെരുന്നാളിൽ അശുദ്ധരാകാതിരിക്കേണ്ടതിന്ന് പിലാത്തോസ് പുറത്തു ചെന്ന് അവരെ കാണുകയായിരുന്നു (യോഹ. 18:28-32).

യെരുശലേമിലെ നാടുവാഴിയുടെ ആസ്ഥാന സ്ഥലനിർണ്ണയ പരിഗണനക്കുള്ള സാധ്യതകൾ ഇവയാണ്.[16] (1) അത് അന്റോണിയ കോട്ടയായിരിക്കാം. അത് സ്ഥിതി ചെയ്തിരുന്നത് ദൈവാലയ സമുച്ചയത്തിന്റെ വടക്കുപടിഞ്ഞാറെ മൂലയിലാണ് (പ്രവൃ. 21:34)[17] പാരമ്പര്യമായ വയാ ഡൊളദരോസാ (ക്രൂശിന്റെ വഴി) ആ സ്ഥലത്തുനിന്നാണ് ആരംഭിക്കുന്നത്. ആസ്ഥാനം ആയിരിക്കുവാനുള്ള സ്ഥലത്തിന്റെ മറ്റൊരു സാധ്യത തൈറോപ്യൻ താഴ്വരയുടെ (ദൈവാലയ സമുച്ചയത്തിന്റെ തെക്കുപടിഞ്ഞാറെ മൂലക്ക് എതിരായി).[18] (3) യെരുശലേമിന്റെ പടിഞ്ഞാറു ഭാഗത്തായി സ്ഥിതി ചെയ്തിരുന്ന മഹാനായ ഹെരോദാവിന്റെ മനോഹരമായ അരമന എന്നതാണ് അവസാന സാധ്യതയായുള്ളത്.[19] പിന്നീട് വന്ന നാടുവാഴികളെല്ലാം ആസ്ഥാനം അവരുടെ ഔദ്യോഗിക വസതിയാക്കിയിരുന്നതായി ജോസെഫസ് സൂചിപ്പിച്ചിരിക്കുന്നു.[20]

പിലാത്തോസ് യേശുവിനോട് ചോദിച്ചു, "**നീ യെഹൂദന്മാരുടെ രാജാവോ?**" മുൻപ്, "ദൈവപുത്രനായ ക്രിസ്തുവാണോ?" എന്ന ചോദ്യം മഹാപുരോഹിതനായിരുന്ന കയ്യഫാവ് അവനോട് ചോദിച്ചു (26:63). യെഹൂദ മതാദ്ധ്യക്ഷന്മാർ യേശുവിനെ പിലാത്തോസിന്റെ അടുക്കലെത്തിച്ചപ്പോൾ, അവൻ റോമിനെതിരായി അവനിൽ രാജ്യദ്രോഹ കുറ്റം ചുമത്തിയിരുന്നു. കൈസർക്കെതിരായി അവൻ "യെഹൂദന്മാരുടെ" രാജാവാണെന്ന് അവകാശപ്പെടുന്നു എന്ന കുറ്റമായിരുന്നു അവർ അവന്റെ മേൽ ചുമത്തിയത് (ലൂക്കൊ. 23:13, 14; യോഹ. 19:12, 21).

**യേശു** യൂദായോടും കയ്യഫാവിനോടും ഉത്തരം പറഞ്ഞതുപോലെ പിലാത്തോസിനോടും ഉത്തരം പറഞ്ഞു: "**നീ പറയുന്നതുപോലെ ആകുന്നു**" (26:64 ന്റെ പരാമർശം നോക്കുക). യോഹന്നാന്റെ സുവിശേഷമനുസരിച്ച, യേശു പറഞ്ഞു, "ഇത് നീ സ്വയമായി പറയുന്നതോ? അതോ മറ്റുള്ളവർ

എന്നെ കുറിച്ച് പറഞ്ഞിട്ടു പറയുന്നതോ?" പിന്നെ അവൻ പറഞ്ഞു, "എന്റെ രാജ്യം ഐഹികമല്ല" (യോഹ. 18:34, 36). യേശു റോമൻ സാമ്രാജ്യത്തിന് ഭീഷണിയല്ല എന്ന് ആ വിവരം വ്യക്തമാക്കുന്നു. അനേകം യെഹൂദന്മാർ പ്രതീക്ഷിച്ചിരുന്നതുപോലെ യേശു ഒരു സൈനിക രാജാവായിരുന്നില്ല; എന്നാൽ അവൻ വന്നത് അവരുടെ ആത്മിയ രാജാവാകുവാനായിരുന്നു (2:2; 16:16; 25:34, 40; യോഹ. 1:49)

**വാക്യം 12. മഹാപുരോഹിതന്മാരും മൂപ്പന്മാരും** യേശുവിനെ **കുറ്റപ്പെടുത്തിയപ്പോൾ, അവൻ മറുപടി പറഞ്ഞില്ല**. അത് യെശ. 53:7 ന്റെ നിറവേറലായിരുന്നു (26:62, 63 ന്റെ പരാമർശം നോക്കുക). ലൂക്കൊസ് 23:2 അനുസരിച്ച്, യെഹൂദ മതാദ്ധ്യക്ഷന്മാർ യേശുവിൽ ആരോപിക്കപ്പെട്ടത്, (1) "[അവരുടെ] ദേശത്തെ തെറ്റായി നയിക്കുന്നു," (2) "കൈസർക്ക് കരം കൊടുക്കുന്നതിനെ വിലക്കുന്നു," (3) "അവൻ ക്രിസ്തു എന്ന, രാജാവാണെന്നു പറയുന്നു."

**വാക്യങ്ങൾ 13, 14.** യേശുവിനെ കുറ്റപ്പെടുത്തിയവരോട് പ്രതികരിക്കുവാൻ **പിലാത്തൊസ്** യേശുവിനെ പ്രോൽസാഹിപ്പിച്ചു. അവൻ പറഞ്ഞു, "**അവർ നിനക്ക് എതിരായി സാക്ഷി പറയുന്നത് കേൾക്കുന്നില്ലയോ?**" സാധാരണ, ഒരു കുറ്റവാളി അവനെ വിടുവിക്കുമെന്ന് കരുതി, ഓരോ കുറ്റാരോപണത്തെയും നിഷേധിക്കുകയാണ് പതിവ്. യേശു കഷ്ടതയുടേയും മരണത്തിന്റേയും പാനപാത്രം കുടിക്കുവാൻ തീരമാനിച്ച സ്ഥിതിക്ക് അവന് പ്രതിരോധിക്കേണ്ട ആവശ്യമില്ലായിരുന്നു. ചില യുക്തിരഹിതമായ ചോദ്യങ്ങൾ മറുപടി അർഹിക്കാത്തവ തന്നെയാണ്. **ഒരു കുറ്റാരോപണത്തിനു പോലും** ... **യേശു മറുപടി പറയാതിരുന്നതിനാൽ** പിലാത്തൊസ് **ആശ്ചര്യപ്പെട്ടു.**

ഹെരോദാവിനാൽ ചോദ്യം ചെയ്യിക്കുന്നതിനായി യേശുവിനെ ഗലീലയിലെ ഇടപ്രഭുവായിരുന്നഹെരോദാവിന്റെ അടുക്കലേക്ക് അയച്ചതായി ലൂക്കൊസ് പറയുന്നു, പെസഹായ്ക്ക് അവനും യെരുശലേമിലുണ്ടായിരുന്നു (ലൂക്കൊ. 23:6–12). ഇപ്പോൾ യേശുവിനെ തരം താഴ്ത്തുവാനുള്ള അവസരം ഹെരോദാവിനും അവന്റെ ഭടന്മാർക്കുമായി. യോഹന്നാൻ സ്നാപകനെ ശിരഛേദം ചെയ്യിച്ച രാജാവായിരുന്നു അവൻ. അവൻ ഒന്നും സംസാരിക്കാതിരുന്നതിനാൽ, രാജാവ് അവനെ തിരിച്ച് പിലാത്തൊസിന്റെ അടുക്കലേക്ക് വിധി ഒന്നും നടപ്പിലാക്കാതെ അയച്ചു.

## റോമൻ വിചാരണ, ഭാഗം 2
## (27:15-31)

യേശുവിനെ ചോദ്യം ചെയ്ത ശേഷം, പിലാത്തോസ് അവനിൽ രാജ്യദ്രോഹം ചുമത്തി മരണശിക്ഷ വിധിക്കുവാൻ തക്ക കുറ്റമൊന്നും കണ്ടില്ല (ലൂക്കൊ. 23:13–15; യോഹ. 18:38). അവൻ പിന്നെ തീരുമാനം ജനത്തിനായി വിട്ടു.

### പിലാത്തൊസ് നിർദ്ദേശിച്ച പരിഹാരം (27:15-18)

**15എന്നാൽ ഉൽസവ കാലത്ത് പുരുഷാരം ഇഛിക്കുന്ന ഒരു തടവുകാരനെ നാടുവാഴി വിട്ടയക്ക പതിവായിരുന്നു. 16അന്നു ബറബ്ബാസ് എന്ന ശ്രുതിപ്പെട്ട ഒരു തടവുകാരൻ ഉണ്ടായിരുന്നു. 17അവർ കൂടി വന്നപ്പോൾ പിലാത്തൊസ് അവരോട്, "ബറബ്ബാസിനേയോ, ക്രിസ്തു എന്നു പറയുന്ന യേശുവിനേയോ**

**ആരെ നിങ്ങൾക്ക് വിട്ടുതരേണം? എന്നു ചോദിച്ചു.”** [18]**അസൂയ നിമിത്തമായിരുന്നു അവർ അവനെ ഏൽപിച്ചുകൊടുത്തത്.**

**വാക്യം 15.** പിലാത്തൊസ് വിധിക്കുന്നതിനു മുൻപ്, യെഹൂദന്മാരുടെ **പെസഹാ** പെരുന്നാളിൽ, **ഏതെങ്കിലും** ഒരു ... **തടവുകാരനെ വിട്ടയക്കുക** പതിവായിരുന്നു എന്ന് മത്തായി വിശദമാക്കുന്നു. പുതിയനിയമത്തിനു പുറത്ത് ഇത്തരം സംഭവത്തെ പറയുന്ന തർക്ക രഹിതമായ രേഖ ഒന്നുമില്ല, മിഷ്നായിലെ ഏതെങ്കിലും ഭാഗം പറയുന്നുണ്ടാകാം. “തടവിൽനിന്നും വിട്ടയക്കാമെന്ന് വാഗ്ദാനം ചെയ്യപ്പെട്ട ആൾക്ക് വേണ്ടി ഒരുപെസഹക്കുഞ്ഞാടിനെ അറുക്കുമെന്നും ആ വേദഭാഗത്ത് പറയുന്നു.”[21] എങ്ങനെയായാലും, ഉൽസവങ്ങളിൽ തടവുകാരെ സൗജന്യമായി വിട്ടയക്കുന്ന സമ്പ്രദായം പുരാതനലോകത്ത് പൊതുവിൽ നിലനിന്നിരുന്നു.[22]

**വാക്യം 16.** ആ കാലത്ത് **തടവിലാക്കപ്പെട്ട** ഒരു കുറ്റവാളിയുടെ പേരായിരുന്നു **ബറബ്ബാസ്.** അവന്റെ പേരിന്റെ അർത്ഥം “അബ്ബായുടെ, മകൻ” (*ബാർ-അബ്ബാ*)[23] അല്ലെങ്കിൽ “അപ്പന്റെ മകൻ” (*ബാർ-അബാ*).[24] അതിനർത്ഥം “ഗുരുവിന്റെ മകൻ” (*ബാർ-റബ്ബാൻ*), പക്ഷെ അത് വലിച്ചു നീട്ടിയതാകാം, **കുപ്രസിദ്ധൻ** എന്നതിന്റെ ഗ്രീക്ക് വാക്ക് (*എപിസെമോസ്)*, അക്ഷരികമായ അർത്ഥം “ഒപ്പിടുക” അല്ലെങ്കിൽ “അടയാളപ്പെടുത്തുക” എന്നാണ്. “ശ്രദ്ധിക്കപെടുന്ന,” അല്ലെങ്കിൽ അറിയപ്പെടുന്ന ഒരാളെ കുറിച്ചു പറയുന്നതിനും ഉപയോഗിക്കും (റോമർ 16:7). ആ വാക്ക് ഇവിടെ ഉപയോഗിച്ചിരിക്കുന്നതുപോലെ, “കുപ്രസിദ്ധൻ,” “അപകീർത്തിയുള്ള” എന്നും തർജ്ജിമ ചെയ്യാം. ബറബ്ബാസ് യെരുശലേമിലെ ഒരു വിപ്ലവത്തിൽ പങ്കെടുത്ത് കുലപാതകം ചെയ്തു ശ്രുതി കേട്ടവനായിരുന്നു (മർ. 15:7; ലൂക്കൊ. 23:19; യോഹ. 18:40).

**വാക്യം 17. ജനമെല്ലാം ഒത്തൊരുമിച്ച്** കൂടിയ [പ്പോൾ], നാടുവാഴി അവരോട് ചോദിച്ചു, “**നിങ്ങൾക്ക് ആരെ വിട്ടുതരേണ്ടു, ബറബ്ബാസിനേയോ അതോ ക്രിസ്തു എന്നു പേർ പറയുന്നവനെയോ?**” പിലാത്തൊസ് യേശുവിനെ വിട്ടയപ്പാൻ ആഗ്രഹിച്ച്, യേശുവിനേയും (സമാധാനപ്രിയനും, നീതിമാനും), ബറബ്ബാസിനേയും (കള്ളനും, കവർച്ചക്കാരനും, കുലപാതകിയും) കാണിച്ച്, യെഹൂദന്മാർക്ക് തിരഞ്ഞെടുക്കുവാനുള്ള അവസരം നൽകി.

ചില പുരാതന കയ്യെഴുത്തുപ്രതികൾ ഈ തടവുകാരനെ വിളിക്കുന്നത് “യേശു ബറബ്ബാസ്,” എന്നാണ്. അത് അന്തരത്തിന്റെ ഉയർച്ചയെ കാണിക്കുന്നു (റ്റിഈവി; എൻഈബി; എൻആർഎസ്വി; സിഈവി നോക്കുക) ചുരുക്കത്തിൽ, പിലാത്തൊസ് പറഞ്ഞത്, “ഏത് യേശുവിനെ (‘രക്ഷകൻ’) യാണ് നിങ്ങൾക്ക് വേണ്ടത്? യേശു ബറബ്ബാസിനേയോ അതോ യേശുക്രിസ്തുവിനേയോ?” ആർ. ടി.ഫ്രാൻസ് വാദിച്ചു, “ആ പേർ വേദപുസ്തകത്തിൽ ആദ്യം *ചേർത്തിരുന്നു*വെങ്കിൽ ശാസ്ത്രിമാർക്ക് യേശു എന്ന് ബറബ്ബാസിനോടുകൂടെ ചേർക്കുവാൻ വളരെ പ്രയാസം നേരിട്ടുകാണും, പക്ഷെ അതിനെ ഒതുക്കുന്നത് മനസിലാക്കുവാൻ വളരെ എളുപ്പവുമാണ് ..., പ്രത്യേകിച്ച് സുവിശേഷ എഴുത്തുകാരാരും അവന്റെ ആദ്യത്തെ പേർ പറയാത്തപ്പോൾ.”[25] ബ്രൂസ് എം. മെറ്റ്സ്ജർ പറഞ്ഞത് ബറബ്ബാസിന്റെ പേരിനോട് “യേശു” എന്നു ചേർക്കാതിരുന്നത് ക്രിസ്തുവിനോടുള്ള ബഹുമാനം നിമിത്തമാണ് എന്നത്രെ.[26]

**വാക്യം 18.** യേശുവിൽ എന്തെങ്കിലും കുറ്റം ഉള്ളതായി പിലാത്തൊസ് വിശ്വസിച്ചിരുന്നില്ല. യെഹൂദ മതാദ്ധ്യക്ഷന്മാർ യേശുവിനെ പിടിച്ചുകൊണ്ടു

വന്നത് അവർക്ക് അവനോടുള്ള **അസൂയ നിമിത്തമായിരുന്നു** എന്ന് പി ലാത്തൊസ് തിരിച്ചറിഞ്ഞിരുന്നു.[27] അവനെ വിട്ടയക്കുവാനായിരുന്നു പിലാ ത്തൊസിനു താൽപര്യം (ലൂക്കൊ. 23:20). യേശുവിനേയും ബറബ്ബാസിനേ യും ആളുകൾക്ക് മുൻപിൽ കാണിച്ചാൽ അവർ യേശുവിനെ വിട്ടയച്ചാൽ മതി എന്നു പറയുമെന്നാണ് അവൻ വിചാരിച്ചത്. തനിക്ക് ഈ കാര്യത്തിൽ ഒരു ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിഞ്ഞുമാറാമെന്നാണ് വിചാരിച്ചത്, അതേ സമയം സമാധാനം പുലർത്തുവാനാണ് അവൻ ശ്രമിച്ചത്.

**പുരുഷാരത്തിന്റെ നിലവിളി (27:19-23)**

**[19]അവൻ ന്യായാസനത്തിൽ ഇരിക്കുമ്പോൾ, അവന്റെ ഭാര്യ ആളയച്ചു, "ആ നീതിമാന്റെ കാര്യത്തിൽ ഇടപെടരുത്; അവൻ നമിത്തം ഞാൻ ഇന്ന് സ്വപ്നത്തിൽ വളരെ കഷ്ടം സഹിച്ചു." [20]എന്നാൽ ബറബ്ബാസിനെ ചോദി പ്പാനും യേശുവിനെ നശിപ്പിപ്പാനും മഹാപുരോഹിതന്മാരും മൂപ്പന്മാരും പു രുഷാരത്തെ സമ്മതിപ്പിച്ചു. [21]നാടുവാഴി അവരോട്, "ഈ ഇരുവരിൽ ഏവനെ വിട്ടുതരേണം എന്നു നിങ്ങൾ ഇഛിക്കുന്നു" എന്നു ചോദിച്ചതിന്നു ബറബ്ബാ സിനെ എന്ന് അവർ പറഞ്ഞു. [22]പിലാത്തോസ് അവരോട്, "എന്നാൽ ക്രിസ്തു എന്ന യേശുവിനെ എന്തു ചെയ്യേണ്ടു" എന്നു ചോദിച്ചതിന്ന് "അവനെ ക്രൂശി ക്കേണം" എന്നു എല്ലാവരും പറഞ്ഞു. [23]"അവൻ ചെയ്ത ദോഷം എന്ത്" എന്ന് അവൻ ചോദിച്ചു. "അവനെ ക്രൂശിക്കേണം എന്നു അവർ ഏറ്റവും നി ലവിളിച്ചു പറഞ്ഞു."**

**വാക്യം 19.** പിലാത്തൊസ് **ന്യായാസനത്തിലിരുന്ന്** (*ബേമാ*), പുരുഷാര ത്തോട് സംസാരിച്ചു. "അവിടെയിരുന്നായിരുന്നു പ്രധാനപ്പെട്ട ഔദ്യോഗിക വിധി പരസ്യമായി പ്രസ്താവിച്ചിരുന്നത് (ഒ. വാ. പ്രവൃ. 18:12, 16–17, 25:17)."[28] പിലാത്തോസ് ന്യായാധിപനായി പ്രവർത്തിച്ചുകൊണ്ടിരുന്നപ്പോൾ, അവന്റെ ഭാര്യ അവന് ഒരു **സന്ദേശം എത്തിച്ചു.** അത്ര പ്രാധാന്യമുള്ള കാര്യമല്ലെങ്കിൽ, അവൾ ഒരിക്കലും ഇടപെടുകയില്ല. അവൾ അവനെ ഉപദേശിച്ചു, "**ആ നീ തിമാന്റെ കാര്യത്തിൽ ഇടപെടരുത്; അവൻ നിമിത്തം സ്വപ്നത്തിൽ ഞാൻ ഇന്ന് വളരെ കഷ്ടം സഹിച്ചു.**"

പിലാത്തൊസിന്റെ ഭാര്യ ഉദ്ദേശിച്ച "നീതിമാൻ" എന്ന വാക്കിന്റെ അർത്ഥം വ്യക്തമല്ല. "നീതിമാൻ" എന്നതിന്റെ ഗ്രീക്ക് വാക്ക് (*ഡികായിയോസ്*) അർത്ഥ മാക്കുന്നത് "നിരപരാധി" എന്നും തർജിമ ചെയ്യാം. (എൻഐവി; എൻആർ എസ്‌വി; എൻഎൽടി).[29] യേശു ഒരു തെറ്റും ചെയ്തിട്ടില്ല - അതുകൊണ്ട് അവനെ ശിക്ഷിക്കാവുന്നതല്ല എന്നായിരിക്കാം ഒരുപക്ഷെ അവൾ ഉദ്ദേശിച്ചത്. എങ്ങനെയായാലും, ക്രിസ്തുവിനെ സംബന്ധിച്ച് *ഡികായിയോസിന്* ആഴ മേറിയ അർത്ഥമാണുള്ളത്. അവന്റെ ആത്മാർത്ഥസ്വഭാവത്തെ കാണിക്കുന്ന തിന് ശേഷിച്ച പുതിയനിയമ പുസ്തകങ്ങളിൽ ആ വാക്ക് ഉപയോഗിച്ചിട്ടുണ്ട്. വാസ്തവത്തിൽ, "നീതിമാൻ" എന്ന പദവി മശിഹായ്ക്കുള്ളതായിട്ടാണ് കാണുന്നത് (പ്രവൃ. 3:14; 7:52; 1 യോഹ. 2:1).

പിലാത്തൊസിന്റെ ഭാര്യയെ അലോസരപ്പെടുത്തിയ ആ വലിയ സ്വപ്ന ത്തെ മത്തായി ആദ്യം പറഞ്ഞില്ല. മത്തായിയുടെ പുസ്തകത്തിൽ യോസേഫ് കണ്ട സ്വപ്നത്തെ വിവരിച്ചിരിക്കുന്നതുപോലെയുള്ള സ്വപ്നമായിരിക്കാം പി

ലാത്തൊസിന്റെ ഭാര്യയും കണ്ടത് (1:20; 2:12, 13, 19, 22). സിഈവിയിൽ അവളുടെ പ്രസ്താവന ഇങ്ങനെയാണ്, "അവൻ നിമിത്തം ഞാൻ രാത്രി സ്വപ്നം കണ്ടു." അവൾ സ്വപ്നം കണ്ടത് രാത്രിയിലായിരുന്നോ (തലേ രാത്രി; എൻഎഎസ്ബി) അതോ പ്രഭാതത്തിലായിരുന്നോ ("ഇന്നു"; എൻഐവി), എന്ന് തന്റെ ഭർത്താവിനോട് പറയുവാനുള്ള അവസരം അവൾക്ക് ലഭിച്ചിരുന്നില്ല.

പാരമ്പര്യമനുസരിച്ച്, പിലാത്തൊസിന്റെ ഭാര്യയുടെ പേർ "പ്രോക്ല," "പ്രോകുലാ" അല്ലെങ്കിൽ, "ക്ലൗദ്യാ പ്രൊകുലാ" എന്നായിരുന്നു. ഈ സ്ത്രീയെ ചുറ്റിപ്പറ്റി യേശുവിനെ ക്രൂശിൽ തറെച്ച ശേഷം അവൾ ക്രിസ്ത്യാനിയായി തീർന്നു എന്നതടക്കമുള്ള ധാരാളം കഥകൾ പ്രചരിച്ചിട്ടുണ്ട്. കോപ്റ്റിക് ചർച്ച് അവളുടെ ഓർമ്മ ആദരിച്ചിരുന്നു, ഗ്രീക്ക് ഓർത്തഡോക്സ് ചർച്ച് അവരുടെ വിശുദ്ധകളുടെ എണ്ണത്തിൽ അവളെയും ഉൾപ്പെടുത്തിയിരുന്നു. മത്തായിയുടെ പുസ്തകത്തിൽ എഴുതിയിരിക്കുന്നതിൽ കൂടുതലായി അവളെ കുറിച്ച് നമുക്ക് തീർച്ചയില്ല.

**വാക്യം 20**. സ്പഷ്ടമായും, വിചാരണ നടപടികൾ ചുരുങ്ങിയ തോതിൽ ബാധിക്കപ്പെട്ടു. **ബറബ്ബാസിനെ** വിട്ടുതരുവാനും, **യേശുവിനെ** ക്രൂശിക്കുവാനും ആവശ്യപ്പെടുവാൻ മഹാപുരോഹിതന്മാരും മൂപ്പന്മാരും **പുരുഷാരത്തെക്കൊണ്ട്** സമ്മതിപ്പിച്ചിരുന്നു. അവൻ അഞ്ചുദിവസം മുൻപ് യെരുശലേമിൽ എത്തിയപ്പോൾ സംഭവിച്ചതുപോലെ പുരുഷാരത്തിലെ ചില ഗലീലക്കാർ യേശുവിനെ "ദാവീദ് പുത്രൻ" എന്നു വിളിച്ചു പുകഴ്ത്തി കാണും. എങ്ങനെയായാലും, പുരുഷാരത്തിൽ വളരെ പേർ യെരുശലേമിലുള്ളവരായതുകൊണ്ട് അവർക്ക് അവനുമായി വലിയ ബന്ധം ഉണ്ടായിരുന്നിരിക്കണമെന്നില്ല (21:9–11 ന്റെ പരാമർശം നോക്കുക).

**വാക്യം 21**. അവന്റെ ഭാര്യയുടെ സന്ദേശം അവന്റെ മനസിനെ ചഞ്ചലപ്പെടുത്തി, പിലാത്തൊസ് അവനെ **വിട്ടയക്കുവാനുള്ള** ചോദ്യവുമായി മടങ്ങി വന്നു – ബറബ്ബാസിനെ വേണോ അതോ യേശുവിനെ വേണോ. ആ രണ്ടുപേരെയും പറഞ്ഞപ്പോൾ, ആളുകൾ യേശുവിനെ വിട്ടുതരേണം എന്നു പറയുമെന്നാണ് പിലാത്തൊസ് വിചാരിച്ചത്. പുരുഷാരം "**ബറബ്ബാസിനെ**" വിട്ടുതരേണം എന്നു പറഞ്ഞപ്പോൾ പിലാത്തൊസ് വാസ്തവത്തിൽ ഞെട്ടിക്കാണും.

ബറബ്ബാസ് കുപ്രസിദ്ധനായ ഒരു വിപ്ലവകാരിയായിരുന്നു (27:16; മർ. 15:7; ലൂക്കൊ. 23:19; യോഹ. 18:40). യെഹൂദന്മാരിൽ ചിലർ ബറബ്ബാസിനെ വെറുത്തിരുന്നെങ്കിൽ, മറ്റുള്ളവർ അവനെ പൂജിച്ചിരുന്നു. അത്തരം ആളുകൾ സാധാരണജനങ്ങളിൽ പലപ്പോഴും പ്രചാരത്തിലുള്ളവരായിരുന്നേക്കാം, അവർ ധനികരായ യെഹൂദന്മാരിൽനിന്നു സ്വത്ത് കവർന്നെടുത്ത് റോമൻ ഗവൺമെന്റിന് പ്രശ്നം സൃഷ്ടിച്ചിരുന്നു. യേശുവിൽനിന്നു വ്യത്യസ്തമായി ബറബ്ബാസ് റോമാക്കാർക്ക് എതിരായി പോരാടുവാൻ അവൻ തയ്യാറായിരുന്നു. യേശുവിന് രാഷ്ട്രിയമായി ഗവൺമെന്റിനെ മറിച്ചിടുവാൻ യാതൊരു ഉദ്ദേശവുമില്ലായിരുന്നു.[30] ബറബ്ബാസിനെ വിവരിച്ചിരിക്കുന്നത് "ഒരു റോബിൻഹുഡ് ഹീറോ-ആയിട്ടായിരുന്നു."[31]

യെഹൂദ മതാദ്ധ്യക്ഷന്മാർ ബറബ്ബാസിനെ പിന്തുണച്ചിരുന്നില്ല, കാരണം അവരിൽ പലരും പൂർവ്വസ്ഥിതിയിൽ തന്നെയായിരുന്നു. റോമാ ഗവൺമെന്റിനെ മറിച്ചിടുവാനുള്ള പരിശ്രമം ഒരുപക്ഷെ അവരുടെ അധികാര സ്ഥാനങ്ങളെ ബാധിക്കുമായിരിക്കാം (യോഹ. 11:47–53). എങ്കിലും, ആ അദ്ധ്യക്ഷന്മാർ അവരുടെ ദേശിയത മാനിച്ച്, അവർ ബറബ്ബാസിനെ ആളുകളോട്

ചേർന്നു അനുമോദിക്കുവാനും യേശുവിനെ നശിപ്പിക്കുവാനും തീരുമാനിച്ചു. ബറബ്ബാസിനെ വിട്ടയക്കുക എന്നത് യെഹൂദ മതാദ്ധ്യക്ഷന്മാരെ സംബന്ധിച്ച് രണ്ട് തിന്മകളിൽ കുറവുള്ള ഒന്നായിരുന്നു.

**വാക്യം 22.** പിലാത്തൊസ് പിന്നെ പുരുഷാരത്തോട് ചോദിച്ചു, "**അപ്പോൾ, ക്രിസ്തു എന്നു വിളിക്കുന്ന യേശുവിനെ ഞാൻ എന്തു ചെയ്യേണം?**" അവൻ "ക്രിസ്തു" എന്നു എടുത്തു പറഞ്ഞത്, യേശു ബറബ്ബാസിൽനിന്നു അവനെ തിരിച്ചറിയുന്നതിനായിരിക്കാം. (27:17 ന്റെ പരാമർശം നോക്കുക). മറ്റൊരു സാധ്യത ആളുകളെ അവർ മുൻപ് യേശുവിനെ വിലയിരുത്തിയത് ഓർമ്മിപ്പിക്കുവാനായിരിക്കാമെന്നതാണ്. അവരിൽ പലരും അവനെ മശിഹ ആയിട്ടാണ് വിലയിരുത്തിയിരുന്നത് ("യെഹൂദന്മാരുടെ രാജാവ്"; മർ. 15:12). എന്നാൽ ഇപ്പോൾ അവർ വനെ കുറ്റവാളിയായിട്ടാണ് കാണുന്നത്.

യാതൊരു മടിയും കൂടാതെ, **അവർ എല്ലാവരും** പറഞ്ഞു, "**അവനെ ക്രൂശിക്ക!**" യേശുവിന് മരണശിക്ഷ കൊടുക്കണം എന്ന കാര്യത്തിൽ, അവരുടെ തീരുമാനം ഐകകണ്ഠമായിരുന്നു. ക്രൂരകുറ്റവാളികളെയും അടിമകളെയും ആയിരുന്നു ക്രൂശിൽ തറെച്ചു കൊന്നിരുന്നത്. ശപിക്കപ്പെട്ടവരെയായിരുന്നു ക്രൂശിൽ തറെച്ചിരുന്നത് (ആവ. 21:23; ഗലാ. 3:13).

**വാക്യം 23.** പ്രതികരിച്ച് പിലാത്തൊസ് ചോദിച്ചു. "**എന്തുകൊണ്ട്? അവൻ എന്തു തെറ്റാണ് ചെയ്തത്?**" പിലാത്തൊസ് അവനെ ചോദ്യം ചെയ്തു എങ്കിലും, അവനിൽ ഒരു കുറ്റവും കാണാത്ത നിരപരാധിയാണെന്ന് അവനു ബോധ്യമായിരുന്നു (ലൂക്കൊ. 23:4, 14). കൂടാതെ, അവന്റെ ഭാര്യ യേശു "നീതിമാനായ മനുഷ്യനായതിനാൽ" അവന്റെ കാര്യത്തിൽ ഇടപെടരുത് എന്ന് ഉപദേശിച്ചിരുന്നു (27:19).

പുരുഷാരം പിലാത്തൊസിന്റെ ചോദ്യത്തെ അവഗണിച്ചു. **അവർ തുടർച്ചയായി, നിലവിളിച്ചു പറഞ്ഞു, "അവനെ ക്രൂശിക്ക!"** റോമൻ നാടുവാഴിയുടെ മനസു മാറുവാൻ അനുവദിക്കരുതെന്ന് യെഹൂദ മതാദ്ധ്യക്ഷന്മാർ അവരെക്കൊണ്ട് സമ്മതിപ്പിച്ചിരുന്നു.

### പിലാത്തൊസ് ജനത്തോട് ചായുന്നു (27:24-26)

**24ആരവാരം അധികമാകുന്നതല്ലാതെ ഒന്നും സാധിക്കുന്നില്ല എന്നു പിലാത്തൊസ് കണ്ടിട്ട് വെള്ളം എടുത്തു പുരുഷാരം കാൺകെ കൈ കഴുകി; "ഈ നീതിമാന്റെ രക്തത്തിൽ എനിക്കു കുറ്റം ഇല്ല; നിങ്ങൾ തന്നെ നോക്കികൊൾവിൻ" എന്നു പറഞ്ഞു. 25"അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ മക്കളുടെ മേലുംവരട്ടെ" എന്നു ജനം ഒക്കെയും ഉത്തരം പറഞ്ഞു. 26അങ്ങനെ അവൻ ബറബ്ബാസിനെ അവർക്ക് വിട്ടുകൊടുത്തു, യേശുവിനെ ചമ്മട്ടികൊണ്ട് അടിപ്പിച്ച് ക്രൂശിക്കേണ്ടതിന്നു ഏൽപിച്ചു.**

**വാക്യം 24.** പുരുഷാരം എങ്ങും എത്തുകയില്ല എന്നു **പിലാത്തൊസ്** തിരിച്ചറിഞ്ഞു; തന്നെയുമല്ല **ഒരു കുഴപ്പം തന്നെ ആവിർഭവിപ്പാൻ തുടങ്ങി.** മുൻപ് യെഹൂദന്മാരുടെ മൽസരവും വഴക്കും അവൻ അനുഭവിച്ചിരുന്നു; സാധാരണ അത് ഓരോ നയം നടപ്പിലാക്കുന്ന സമയത്തായിരുന്നു (27:2 ന്റെ പരാമർശം നോക്കുക). പിലാത്തൊസിന്, സ്പഷ്ടമായും ഈ സമയത്ത്, എന്തെങ്കിലും കുഴപ്പമുണ്ടായാൽ, അവന്റെ നാടുവാഴി സ്ഥാനത്തിന് ഭംഗം നേ

രിടുമെന്ന ഭയവുമുണ്ടായിരുന്നേക്കാം. അവൻ റോമിനാൽ നിയമിതനായതിനാൽ, സമാധാനം ഉണ്ടാക്കേണ്ട ഉത്തരവാദിത്തം അവനായിരുന്നു. അതുകൊണ്ട്, അവൻ രാഷ്ട്രീയമായി ശരിയായത് ചെയ്തു: ഗവൺമെന്റിന്റെ ശിക്ഷാനടപടികളൊന്നും തന്നെ ബാധിക്കാത്തവിധത്തിൽ, ജനത്തിന്റെ ആഗ്രഹത്തിന് അവൻ വഴങ്ങി കൊടുത്തു.

**പുരുഷാരം കാൺകെ അവൻ കൈകഴുകിയിട്ട് പറഞ്ഞു, "ഈ രക്തത്തിൽ എനിക്ക് പങ്കില്ല, നിങ്ങൾ തന്നെ നോക്കിക്കൊൾവിൻ."** ഒരാളുടെ നിരപരാധിത്വം തെളിയിക്കുന്നതിനു പുരാതനകാലത്ത് നിലവിലുണ്ടായിരുന്ന പതിവായിരുന്നു പരസ്യമായി കൈ കഴുകൽ (ആവ. 21:6–9; ഇയ്യോ. 9:30; സങ്കീ. 26:6; 73:13; യിരെ. 2:22). "നിങ്ങൾ തന്നെ നോക്കിക്കൊൾവിൻ" എന്ന് പറഞ്ഞ്, യേശുവിനെ കൊല്ലുന്നതിന്റെ ഉത്തരവാദിത്തം അവൻ യെഹൂദന്മാരിൽ ഏൽപിച്ചു. ഈ അദ്ധ്യായത്തിൽ മുൻപ്, യെഹൂദ മതാദ്ധ്യക്ഷന്മാരും യൂദായോട് ഇതേ രീതിയിലായിരുന്നു ഉത്തരം നൽകിയത് (27:4).

**വാക്യം 25.** പിലാത്തൊസിന്റെ പ്രസ്താവനക്കൊന്നും **ജനത്തെ** മാറ്റുവാൻ കഴിഞ്ഞില്ല, അവർ നിലവിളിച്ചു, "**അവന്റെ രക്തം ഞങ്ങളുടെമേലും ഞങ്ങളുടെ മക്കളുടെമേലും വരട്ടെ.**"[32] മാതാപിതാക്കളുടെ പാപങ്ങൾക്ക് മക്കൾ *ഈ ജീവിതത്തിൽ* വില കൊടുക്കേണ്ടിവരും എന്ന് പഴയനിയമത്തിൽ ചില ഭാഗത്ത് പറഞ്ഞിട്ടുണ്ട് (യോശു. 7:24; യിരെ. 26:15; വിലാ. 5:7). എങ്ങനെയായാലും, മറ്റുവേദഭാഗങ്ങൾ സൂചിപ്പിക്കുന്നത്, ഓരോരുത്തൻ *അവനവന്റെ* പ്രവൃത്തികൾക്കാണ് കണക്ക് കൊടുക്കേണ്ടത് എന്നാണ് (യെഹെ. 18). നമ്മുടെ പ്രവൃത്തികൾക്ക് ന്യായവിധിയിൽ നാം കണക്ക് കൊടുക്കണം, നമ്മുടെ പ്രവൃത്തികളാണ് *വരുവാനുള്ള ലോകത്തിലേക്കുള്ള* നമ്മുടെ അന്തിമ സ്ഥാനം നിർണ്ണയിക്കുന്നത് (റോമർ 2:5–11; 2 കൊ. 5: 10).

യെഹൂദന്മാർ നേരിടുന്ന ഉപദ്രവത്തെ എടുത്ത് കാണിച്ച്, ഈ വേദഭാഗം തെറ്റായി വ്യാഖ്യാനിച്ച് അവരെ കുറ്റപ്പെടുത്തുന്നുണ്ട്. എങ്ങനെയായാലും, ഇതിനെ നാം ലിയോൺ മോറിസ് പറഞ്ഞതുപോലെ മനസിലാക്കണം, "ക്രമം കെട്ട പുരുഷാരത്തിന്റെ ചിന്തിക്കാതെയുള്ള നിരുത്തരവാദിത്തമായിരുന്നു അത്."[33] ആ പുരുഷാരത്തിനു അവർ ചെയ്ത തെറ്റിനുള്ള അനന്തരഫലം മറ്റുള്ളവരിൽ ഏൽപിക്കുവാനുള്ള അധികാരമില്ലായിരുന്നു. കൂടാതെ ദൈവത്തെ സ്വാധീനിച്ച് ഭാവി തലമുറയിലേക്ക് ഈ ശിക്ഷ കൊടുപ്പിക്കുവാനും അവർക്ക് കഴിയുകയില്ല. യേശുവും അപ്പൊസ്തലന്മാരും യെഹൂദന്മാരായിരുന്നു എന്ന് ഓർമ്മിക്കണം. കൂടാതെ, ആദ്യമായി യെരുശലേമിൽ സഭയിലേക്ക് ചേർക്കപ്പെട്ടവരെല്ലാം യെഹൂദന്മാരായിരുന്നു.

**വാക്യം 26.** യേശുവിനോടുള്ള അവരുടെ വിരോധം പുരുഷാരം തുടർന്നുകൊണ്ടിരുന്നപ്പോൾ, **പിലാത്തൊസ് അവർക്ക് ബറബ്ബാസിനെ വിട്ടുകൊടുത്തു.** കുറ്റമില്ലാത്ത ക്രിസ്തുവിനു വേണ്ടി ക്രൂര കുറ്റവാളിയായിരുന്ന ബറബ്ബാസിനെ കൈമാറി. അവനെ വിട്ടയച്ച ശേഷം ബറബ്ബാസ് എന്തു ചെയ്തു എന്നു തിരുവെഴുത്ത് വ്യക്തമാക്കുന്നില്ല.

അവനെ ക്രൂശിക്കുന്നതിനുമുൻപ്, പിലാത്തൊസ് യേശുവിനെ **ചാട്ടവാറു**കൊണ്ട് (*ഫ്രാജെല്ലെയോ*) അടിപ്പിച്ചു. ലൂക്കൊസ് 23:16, 22 അനുസരിച്ച്, പിലാത്തൊസ്, യേശുവിനെ ചാട്ടവാറുകൊണ്ട് അടിപ്പിച്ചത് യെഹൂദന്മാരെ പ്രസാദിപ്പിക്കുന്നതിനായിരുന്നു; അതിനുശേഷം, അവൻ അവനെ വിട്ടയക്കു

വാൻ ആഗ്രഹിച്ചു; എങ്ങനെയായാലും അവന്റെ ആവശ്യം ആരുടേയും കാതുകളിലെത്തിയില്ല; യേശുവിന്റെ മരണത്തിൽ കുറഞ്ഞ് ഒന്നും യെഹൂദ മതാദ്ധ്യക്ഷന്മാരും പുരുഷാരവും ആഗ്രഹിച്ചില്ല. യേശു അപ്പോൾ സഹിച്ച ചാട്ട വാറുകൊണ്ടുള്ള അടി ക്രുശിനുമുമ്പുള്ള ഉപദ്രവമായിരുന്നു. ക്രൂശിക്കുവാൻ വിധിക്കപ്പെട്ട കുറ്റവാളിയെ ആദ്യം ചാട്ടവാറുകൊണ്ട് അടിപ്പിക്കുന്നത് - കുറ്റത്തിന്റെ ഭീകരസ്വഭാവത്തെ ഓർമ്മിപ്പിക്കുന്നതിനായിരുന്നു.[34]

ക്രൂശിനു മുൻപുള്ള ചാട്ടവാറടി വളരെ കഠിനമായിരുന്നു. റോമാക്കാർ അതിനായി തോൽവാറിന്റെ അറ്റത്ത് ലോഹക്കഷണങ്ങൾ അല്ലെങ്കിൽ എല്ലിൻ കഷണങ്ങൾ തുന്നിപ്പിടിപ്പിച്ചാണ് ഉപയോഗിച്ചിരുന്നത്.[35] അടി കുറ്റവാളിയുടെ ശരീരത്തിലേക്ക് ആഴ്ന്നിറങ്ങി, പലപ്പോഴും അസ്ഥികളും ആന്തരികാവയവങ്ങളും പുറത്ത് വരും.[36] ചാട്ടയടി ഭീകരമായതുകൊണ്ട്, ചിലപ്പോൾ കുറ്റവാളി മിക്കവാറും ക്രൂശിൽ തറെക്കുന്നതിനു മുൻപ് തന്നെ മരിച്ചിരിക്കും.[37]

യേശുവിനെ ചാട്ടവാറുകൊണ്ട് അടിപ്പിച്ചശേഷം, യെഹൂദ മതാദ്ധ്യക്ഷന്മാരുടെ ആഗ്രഹം നിറവേറ്റുവാനായി,പിലാത്തൊസ് **അവനെ ക്രൂശിക്കേണ്ടതിന്നു** റോമൻ **പടയാളികളെ ഏൽപിച്ചു.**

### പടയാളികളുടെ പരിഹാസം (27:27-31)

**[27]അനന്തരം നാടുവാഴിയുടെ പടയാളികൾ യേശുവിനെ ആസ്ഥാനത്തിലേക്ക് കൊണ്ടുപോയി. പട്ടാളത്തെ എല്ലാം അവന്റെ നേരെ വരുത്തി. [28]അവന്റെ വസ്ത്രം അഴിച്ചു ഒരു ചുവന്ന മേലങ്കി ധരിപ്പിച്ചു. [29]മുള്ളുകൊണ്ട് ഒരു കിരീടം മെടഞ്ഞു അവന്റെ തലയിൽ വെച്ചു, വലങ്കയ്യിൽ ഒരു കോലും കൊടുത്തു, അവന്റെ മുൻപിൽ മുട്ടുകുത്തി, യെഹൂദന്മാരുടെ രാജാവേ ജയ ജയ എന്നു പരിഹസിച്ചു പറഞ്ഞു. [30]പിന്നെ അവന്റെ മേൽ തുപ്പി. കോൽ എടുത്ത് അവന്റെ തലയിൽ അടിച്ചു. [31]അവനെ പരിഹസിച്ചു തീർന്നപ്പോൾ, മേലങ്കി നീക്കി അവന്റെ സ്വന്ത വസ്ത്രം ധരിപ്പിച്ചു ക്രൂശിപ്പാൻ കൊണ്ടുപോയി.**

**വാക്യം 27.** ചാട്ടവാറുകൊണ്ട് അടിപ്പിച്ചശേഷം, **പടയാളികൾ യേശുവിനെ നാടുവാഴിയുടെ ആസ്ഥാനത്തിലേക്ക് കൊണ്ടുപോയി.** യേശുവിനെ മുൻപ് ആസ്ഥാനത്തിനകത്തുവെച്ചായിരുന്നു ചോദ്യം ചെയ്തത്, നാടുവാഴി താമസിച്ചിരുന്നത് അവിടെയായിരുന്നു (27:11; യോഹ. 18:28). ഈ സമയത്ത്, അവിടെവെച്ച് പടയാളികൾ അവനെ തരംതാഴ്ത്തുകയായിരുന്നു.

റോമാക്കാരുടെ ഒരു **പടയാളി സംഘം** മുഴുവനും, സാധാരണ അതിൽ 600 പുരുഷന്മാരാണ് ഉണ്ടായിരിക്കുക, ക്രിസ്തുവിനെ പരിഹസിക്കുന്നത് കാണുവാൻ അവരെല്ലാം കൂടിനിന്നു. എങ്ങനെയായാലും, ഗ്രീക്ക് വാക്ക് (*സ്പെയിരാ*) തർജിമ ചെയ്തിരിക്കുന്നത് "കൊഹോർട്ട്" എന്നത് പുരാതന സാഹിത്യത്തിൽ, "മനിപ്പിൾ" എന്നതിനും ഉപയോഗിച്ചിരുന്നു, അതിൽ 200 പുരുഷന്മാരാണ് ഉണ്ടായിരുന്നത്.[38] ഒരു പക്ഷെ രണ്ടാമത് പറഞ്ഞ സംഘമായിരിക്കാം ഇപ്പോൾ അവിടെ ഉണ്ടായിരുന്നത്. അത് കൊഹോർട്ട് ആയാലും, മനിപ്പിൾ ആയാലും, അവർ ആസ്ഥാനത്തിനകത്തു തന്നെ തമ്പടിച്ച സംഘമായിരുന്നു; അവരെ "നാടുവാഴിയുടെ പടയാളികൾ" എന്നായിരുന്നു അറിയപ്പെട്ടത്.

**വാക്യം 28.** പടയാളികൾ യേശുവിൽ ചുമത്തിയ കുറ്റം - "അവൻ യെഹൂ

ദന്മാരുടെ രാജാവ്" എന്നായിരുന്നു (27:11) - അങ്ങനെയായിരുന്നു അവർ അവനെ പരിഹസിച്ചത്. ആദ്യം അവന്റെ **സ്വന്ത വസ്ത്രം നീക്കി** മുറിവേറ്റ് രക്തം **വാർന്നൊലിക്കുന്ന** ശരീരത്തിൽ ചുവന്ന മേലങ്കി ധരിപ്പിച്ചു. "മേലങ്കി" (*ക്ലാമുസ്*) ഏതെങ്കിലും പടയാളിയുടെ പഴയ വസ്ത്രമായിരിക്കാം.[39] അത് "രക്താംബരം" (*കോകിനോസ്*) അല്ലെങ്കിൽ "ചുവന്ന" നിറത്തിലുള്ള വസ്ത്രമായിരിക്കാം, അത് "വില കുറഞ്ഞ ചായം മുക്കിയ വസ്ത്രമായിരിക്കും, അല്ലാതെ ... ഷെൽഫിഷിൽ നിന്നെടുത്തു തുന്നിയ വിലയേറിയ ധനികർ ധരിക്കുന്ന 'രക്താംബരം' ആയിരുന്നില്ല."[40] രാജകീയ വസ്ത്രമെന്ന് തോന്നിപ്പിക്കുന്ന നിറമായതുകൊണ്ട് അതു അവനെ പരിഹസിക്കുന്ന ഒന്നായിരുന്നു. മർക്കൊസ് ഇതിനെ കൂടുതൽ പൊതുവായി വിവരിക്കുന്നു, "അവനെ രക്താംബരം ധരിപ്പിച്ചു" (മർ. 15:17).

**വാക്യങ്ങൾ 29, 30.** മുള്ളുകൊണ്ടുള്ള **ഒരു കിരീടം** ഉണ്ടാക്കി **അവന്റെ തലയിൽ വെച്ചു.** "കിരീടം" എന്നതിന്റെ ഗ്രീക്ക് വാക്ക് (*സ്റ്റെഫാനോസ്*) സാധാരണ ഒരു വിജയിക്ക് നൽകുന്ന റീത്തിനെയാണ് പറയുന്നത്, പക്ഷെ ഇവിടെ അത് ഒരു ഭരണാധികാരിയുടെ കിരീടത്തെയാണ് പറയുന്നത് (*ഡയാഡെമാ*). സ്വർണ്ണം കൊണ്ടുള്ള മനോഹര കിരീടം ധരിക്കുന്നതിനു പകരം, യേശുവിനെ ധരിപ്പിച്ചത് മുള്ളു കുത്തിക്കൊള്ളുന്ന ഒന്നായിരുന്നു. അവന്റെ തലയിലേക്ക് ആഴത്തിലിറങ്ങുന്ന വിധത്തിലായിരിക്കാം മുൾകിരീടം ശക്തിയായി അവന്റെ തലയിൽ കുത്തിയിറക്കിയത്, അത് കഠിന വേദന ഉളവാക്കിയിരിക്കും. മറ്റു പലരീതിയിലുള്ള ദണ്ഡനത്തിനുപുറമെയായിരുന്നു ഈ പീഢനവും. ചക്രവർത്തിമാർ ധരിച്ചിരുന്ന കിരീടത്തിൽ ചുറ്റും കതിരുകൾ പോലെ വിടർന്നു നിൽക്കുന്ന പൂച്ചെണ്ടുകളായിരുന്നുവെങ്കിൽ, അതിനുപകരം യേശുവിനെ ധരിപ്പിച്ച കിരീടത്തിൽ മുള്ളുകൾ കുത്തിയിരിക്കുവാനാണ് സാധ്യത, ചില പുരാതന നാണയങ്ങളിൽ അത്തരം കതിരുകൾ വിടർന്നു നിൽക്കുന്നതു കാണാം. കിരീടത്തിനു ചുറ്റും കതിരുകൾ നിൽക്കുന്നത് ധരിക്കുന്നയാളുടെ ദൈവികത്വത്തെയാണ് കാണിക്കുന്നത്.[41]

രാജകീയ ചെങ്കോൽ എന്നു തോന്നിപ്പിക്കുന്ന ഒരു **കോൽ അവന്റെ വലങ്കയ്യിൽ** പിടിപ്പിച്ചിരുന്നു. ചെങ്കോൽ പോലെ തന്നെ, വലത്തുകൈ ശക്തിയെയും അധികാരത്തെയും കാണിക്കുന്നു. "കോൽ" (*കലാമോസ്*) കാറ്റിൽ ഒടിഞ്ഞു പോകുന്നതായിരുന്നു (11:7; 12:20). ബലമുള്ള കൊമ്പിൽനിന്നുള്ള അല്ലെങ്കിൽ ഇരുമ്പു കോലിനു പകരമായി ബലമില്ലാത്തതു (യെഹെ. 19:11, 14) യേശുവിനെ പടയാളികൾ പരിഹസിക്കുന്നതിനായിരുന്നു ഉപയോഗിച്ചത് (സങ്കീ. 2:9; വെളി. 2:27; 12:5). അവനെ അവർ അതിൽകൂടെ ബലഹീനമാക്കുകയായിരുന്നു. അവന്റെ സൈന്യവും ആയുധങ്ങളും എവിടെ? അവന്റെ ദാസന്മാരുടെ ഭക്തരായ പ്രജകളും എവിടെ? അവന്റെ അരമനയും സിംഹാസനവും എവിടെ? യെഹൂദന്മാരൂടെ രാജാവാണെന്ന് പറഞ്ഞ യേശുവിന്റെ അവകാശത്തെ പിന്താങ്ങുവാൻ തക്ക ഭൗതികമായ തെളിവൊന്നുമില്ല.

വസ്ത്രമെല്ലാം അഴിച്ചുമാറ്റിയശേഷം, ആ ക്രൂരന്മാർ യേശുവിന്റെ മുൻപിൽ **മുട്ടുകുത്തി നിന്നു** പരിഹസിച്ചു പറഞ്ഞു, "**യെഹൂദന്മാരുടെ രാജാവേ ജയ, ജയ!**" ഫ്രാൻസ് പറഞ്ഞു, "യെഹൂദന്മാരുടെ രാജാവേ, ജയ" എന്നത് "*കൈസറിനെ വന്ദനം* ചെയതതിന്റെ *ഹാസ്യാനുകരണ കവിത* ആയിരിക്കാം."[42] ഒരുപക്ഷെ അത് യേശു അവരുടെ ചക്രവർത്തിയാണെന്ന നാട്യത്തിൽ അവനെ ആക്ഷേപിക്കുന്നതായിരുന്നേക്കാം.

യെഹൂദ മതാദ്ധ്യക്ഷന്മാർ ആദ്യം ചെയ്തതുപോലെ പടയാളികൾ അവന്റെ മുഖത്തു **തുപ്പി** (26:67). അവർ ആദ്യം അവന്റെ കയ്യിൽ ചെങ്കോലായി പിടിപ്പാൻ നൽകിയ കോൽ വാങ്ങി **അവന്റെ തലയിൽ അടിച്ചു.**

**വാക്യം 31. അവർ അവനെ പരിഹസിച്ചശേഷം, അവനെ ധരിപ്പിച്ച മേലങ്കി ഊരി അവർ അവന്റെ സ്വന്ത വസ്ത്രം ധരിപ്പിച്ചു.** അവന്റെ തലയിൽ അണിയിച്ച മുൾക്കിരീടവും എടുത്തു മാറ്റിക്കാണും. റോമൻ പടയാളികൾ പിന്നെ അവനെ ക്രൂശിപ്പാനായി ദൂരെ കൊണ്ടുപോയി. ചാട്ടവാറടി, പരിഹാസം, ക്രൂശിക്കൽ എന്നിവ യേശുവിനെ കുറിച്ച് പ്രവചിച്ച പ്രവചനങ്ങൾ നിറവേറുന്നത് മുൻനിശ്ചയിച്ച ദൈവപദ്ധതിയുടെ ഭാഗമായിരുന്നു (20:19). പടയാളികൾക്ക് അവരുടെ ജോലിയുടെ മറ്റൊരു ദിവസം ആയിരുന്നു. അവർ യേശുവിനു മുൻപ് അനേകം യെഹൂദന്മാരെ ദണ്ഡിപ്പിക്കുകയും ക്രൂശിക്കുകയും ചെയ്തിട്ടുണ്ട്, യേശുവിനു ശേഷവും അസംഖ്യം യെഹൂദന്മാരെ ക്രൂശിച്ചുകാണാം.

യേശു ആസ്ഥാനം വിട്ടശേഷം, അവന്റെ കഴുത്തിൽ "ഇവൻ യെഹൂദന്മാരുടെ രാജാവായ നസ്രായനായ യേശു" എന്ന എഴുത്ത് എഴുതി കാണും (27:37; മർ. 15:26; ലൂക്കൊ. 23:38; യോഹ. 19:19). അവൻ മരിക്കേണ്ട ക്രൂശ് ചുമപ്പിച്ച് പടയാളികൾ യേശുവിനെ തെരുവിൽ കൂടെ നടത്തിക്കൊണ്ടുപോയി കാണും. മേലെഴുത്ത് കഴുത്തിൽ കെട്ടിയില്ലെങ്കിൽ, ഒരു പടയാളി അത് കയ്യിൽ പിടിച്ച് അവനു മുമ്പായി നടന്നിരിക്കും.[43] ആ എഴുത്തും മറ്റും ക്രൂശിൽ തലെക്ക് മീതെ മേലെഴുത്തായി ആണി അടിച്ച് ഉറപ്പിക്കും. ആ എഴുത്ത് അരാമ്യ, ലത്തീൻ, ഗ്രീക്ക് എന്നീ ഭാഷകളിൽ വേണമെന്ന് പിലാത്തൊസ് കൽപിച്ചിരുന്നു, അത് കടന്നുപോകുന്ന എല്ലാവരും വായിക്കേണ്ടതിനായിരുന്നു (യോഹ. 19:20; എൻഐവി).

## പാഠങ്ങൾ

### പൊന്തിയോസ് പിലാത്തൊസ് എന്ന മനുഷ്യൻ (27:1, 2, 11-26)

യെഹൂദ്യയിലെ സൈന്യാധിപൻ ആയിരുന്നു പൊന്തിയോസ് പിലാത്തൊസ് എന്നതിലുപരി അവനെ കുറിച്ച് കൂടുതൽ അറിവ് നമുക്ക് ഇല്ല. അവന്റെ ജനനത്തെ കുറിച്ചോ ബാല്യത്തെ കുറിച്ചോ ഒന്നും നമുക്ക് അറിയില്ല. അക്കാലത്തെ ഇറ്റലിയുടെ തെക്കുഭാഗത്തെ പ്രമുഖമായ ഒരു കുടുംബപേരായിരുന്നു "പൊന്തിയോസ്" എന്നത്. ഒരു പൊന്തിയോസ് കൗഡിൻ ഫോർക്സിൽ വെച്ച് റോമാക്കാരിൽ പരാജയം അടിച്ചേൽപിച്ചിരുന്നു. ജൂലിയസ് സീസറെ കൊന്നവരിൽ ഉൾപ്പെട്ടവനും സിസേറോയുടെ സ്നേഹിതനുമായിരുന്നു പൊന്തിയൊസ് അക്വിലാ. "പിലാത്തൊസ്" എന്ന പേർ സൂചിപ്പിക്കുന്നത് കുടുംബ പേരിൽനിന്നു ഉരുത്തിരിഞ്ഞു വന്നതാണ്, അങ്ങനെയാണ് പൊന്തിയൊസ് പിലാത്തൊസ് എന്നു വന്നത്, അർത്ഥം നഷ്ടപ്പെട്ടിരുന്നില്ല.

യെഹൂദ്യയിലെ ആറാമത്തെ സൈന്യാധിപനായതിനാൽ, എ. ഡി. 6-ൽ അർക്കലയൊസ് സ്ഥാനഭ്രഷ്ടനാക്കപ്പെടുന്നതുവരെ, പിലാത്തൊസ് ആ നാട് വാണിരുന്നു. അവന്, ആഭ്യന്തരം, സൈന്യം, നീതിന്യായം എന്നിവയുടെ ചുമതലയായിരുന്നു. അവൻ ഗ്രാറ്റസിന്റെ പിൻഗാമിയായിരുന്നു. അവന്റെ വാഴ്ച്ചക്കാലം പത്തു വർഷമായിരുന്നു (എ. ഡി. 26-36). സുറിയയുടെ പ്രതിപുരുഷനായ വൈറ്റല്ലിയസാണ് അവനെ സ്ഥാനഭ്രഷ്ടനാക്കിയത്. അവനെ സ്ഥാനത്തു നിന്നു നീക്കിയ ഉടനെ സ്വയപ്രതിരോധത്തിനായി അവൻ റോമി

ൽ തൈബിരിയസിന്റെ അടുക്കലേക്ക് പോയി. എങ്ങനെയായാലും, അവൻ റോമിൽ എത്തിയപ്പോഴേക്കും ചക്രവർത്തി മരിച്ചുപോയിരുന്നു (ഏ. ഡി. 37 മർച്ചിൽ). ചക്രവർത്തിയുടെ മരണത്താലുണ്ടായ പരിഭ്രമത്താൽ, പിലാത്തൊസ് വരുവാനിരുന്ന ഭീഷണിയിൽനിന്നു രക്ഷപ്പെട്ടെന്ന് തോന്നുന്നു. അന്നു മുതൽ പിലാത്തോസിന്റെ ജീവിതത്തെ കുറിച്ച് നമുക്ക് വിശ്വസനീയ വിവരങ്ങളൊന്നും ലഭ്യമല്ല.

പിലാത്തൊസിനെ കുറിച്ച് ഫിലോ എഴുതിയത്, അവൻ ഭയങ്കര വികാരമുള്ളവനും ക്രൂരനും, കുലപാതകിയും, അഴിമതിക്കാരനും, അത്യാഗ്രഹിയും, മനുഷ്യത്വമില്ലാത്തവനുമായിരുന്നു എന്നാണ്.[44] ഒരു പാരമ്പര്യം പറയുന്നത് പിലാത്തൊസ്, ബുദ്ധിസ്ഥിരതയില്ലാതെ, ലജ്ജിക്കപ്പെട്ടും നിന്ദിക്കപ്പെട്ടും മരിച്ചു എന്നാണ്. പിലാത്തൊസ്, സ്വയമായി തന്റെ ജീവനെ നഷ്ടപ്പെടുത്തി എന്നാണ് യൂസേബിയസ് പറഞ്ഞത്.[45] അതിൽനിന്നു വ്യത്യസ്തമായി പിലാത്തൊസും അവന്റെ ഭാര്യയും പിന്നീട് ക്രിസ്ത്യാനികളായി തീർന്നു എന്നു പറഞ്ഞ് കോപ്റ്റിക് ചർച്ച് അവരുടെ വിശുദ്ധന്മാരിൽ ഒരാളായിട്ടായിരുന്നു അവനെ കണ്ടത്.

യേശുവിനെ വിട്ടയക്കുവാൻ പിലാത്തൊസിന് അധികാരമുണ്ടായിരുന്നു എങ്കിലും, അവൻ അവനെ വിട്ടയച്ചില്ല, യെഹൂദ മതാദ്ധ്യക്ഷന്മാരുടെ നിർബ്ബന്ധമില്ലാതെ ക്രൂശീകരണം നടന്നുമില്ല. എങ്ങനെയായാലും, ആ കാര്യത്തിൽ പിലാത്തൊസ് കൈ കഴുകുവാൻ ശ്രമിച്ചെങ്കിലും (27:24), എല്ലാ ഉത്തരവാദത്തിൽനിന്നും അവന് ഒഴിഞ്ഞു മാറുവാൻ കഴിഞ്ഞില്ല. തന്നെ അവന്റെ പക്കൽ ഏൽപിച്ചവന്ന് "അധികം പാപം ഉണ്ട്" എന്നാണ് യേശു പിലാത്തൊസിനോട് പറഞ്ഞത് (യോഹ. 19:11; പ്രവൃ. 3:13; 4:27, 28 നോക്കുക).

**ചാട്ടവാറടിയെന്ന ദണ്ഡനം (27:26)**

യേശുവിനു ലഭിച്ച അതിരുകവിഞ്ഞതും കഠിനവുമായ അടി നാലു സുവിശേഷണങ്ങളിലും വിവരിച്ചില്ല (27:26 ന്റെ പരാമർശം നോക്കുക). അങ്ങനെ ചെയ്യേണ്ട ആവശ്യവുമില്ല, കാരണം പുരാതന ആളുകൾക്ക് അവ സുപരിചിതമായിരുന്നു. മാനസികമായി ഒരാൾക്ക് "ക്രൂശിക്കൽ," "ചാട്ടവാറടി" എന്നു പറയുമ്പോൾ തന്നെ യേശു അനുഭവിച്ച ചിത്രം വ്യക്തമാകും (27:26 ന്റെ പരാമർശം നോക്കുക).

യെഹൂദന്മാർക്ക് മുപ്പത്തി-ഒൻപതു അടി കൊടുക്കുവാൻ മാത്രമെ അധികാരമുണ്ടായിരുന്നുള്ളു (2 കൊ. 11:24), റോമാക്കാർ മനസലിവുള്ളവരായി അറിയപ്പെടാത്തതിനാൽ, അവർക്ക് യെഹൂദ ന്യായപ്രമാണ പരിധി ബാധകമായിരുന്നില്ല. യേശു വാസ്തവത്തിൽ കൊണ്ട അടിയുടെ എണ്ണം എത്രയെന്ന് ആർക്കും അറിയില്ല.

യേശുവിനെ ചാട്ടവാർ കൊണ്ട് അടിച്ചത് പ്രത്യേകിച്ച് പരുഷമായിരുന്നു. ലെതർകൊണ്ട് വെറുതെ അടിക്കുന്നതിനുപകരം, അതിനോട് ലോഹക്കഷണങ്ങളും എല്ലിൻ കഷണങ്ങളും തുന്നിച്ചേർത്തിരുന്നതായി ഗ്രീക്ക് വാക്ക് സൂചിപ്പിക്കുന്നു. അത് നടത്തിയത് പരിചയസമ്പന്നനായ റോമാ പടയാളിയായിരുന്നു എന്നതിൽ സംശയമില്ല. ഇത് യേശുവിന് ഒരുപക്ഷെ ഷോക്കിന്-മുൻപുള്ള അവസ്ഥയായിരുന്നേക്കാമെന്നാണ് ഡോക്ടർമാർ പറയുന്നത്. അതുകൊണ്ട്, വൈദ്യശാസ്ത്രപരമായി പറഞ്ഞാൽ, യേശു ക്രൂശീകരണത്തിനു മുൻപ് തന്നെ വളരെ ഗുരുതരാവസ്ഥയിലായിരുന്നു.

യേശുവിനു ലഭിച്ച ക്രൂരമായ ചാട്ടവാറടി ക്രൂശിക്കപ്പെടുന്നതിന്റെ മുന്നോ

ടിയായിട്ടായിരുന്നു; വാസ്തവത്തിൽ, രണ്ടു സംഭവങ്ങളും ഒരുമിച്ചാണ് നടക്കുന്നത്. യെശയ്യാവ് കഷ്ടതയേൽക്കുന്ന ദാസനെ കുറിച്ച് പ്രവചിച്ചിരുന്നു:

> അവൻ നമ്മുടെ അതിക്രമം നിമിത്തം മുറിവേറ്റും,
> നമ്മുടെ അകൃത്യം നിമിത്തം തകർന്നും;
> നമ്മുടെ സമാധാനത്തിനാ-യുള്ള ശിക്ഷ
> അവന്റെ മേലായി.
> അവന്റെ *അടിപ്പിണരുകളാൽ* നമുക്ക് സൗഖ്യം വന്നുമിരിക്കുന്നു
> (യെശ. 53:5; എംഫസിസ് ആഡഡ്).

ഇതേ ഭാഷയിൽ തന്നെ പത്രൊസ് എഴുതി, "അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിന്മേൽ കയറി; അവന്റെ *അടിപ്പിണരാൽ* ['മുറിവുകളാൽ'; കെജെവി] നിങ്ങൾക്ക് സൗഖ്യം വന്നിരിക്കുന്നു" (1 പത്രൊ. 2:24; എംഫസിസ് ആഡഡ്).

ഡേവിഡ് സ്റ്റുവർട്ട്

---

കുറിപ്പുകൾ

[1]പ്ലിനി *ലെറ്റേഴ്സ്* 3.1.4; 3.5.9–11; 4.16.4, 5; 9.36.1; *മാർഷ്യൽ എപിഗ്രാംസ്* 4.8.5–8. [2]*ജോൺ ലൈറ്റ്ഫുട്ട്, ഏ കമെന്ററി ഓൺ ദ ന്യൂടെസ്റ്റമെന്റ് ഫ്രം ദ താല്മൂദ് ആന്റ് ഹെബ്രെയിക്ക: മാത്യു–1 കൊരിന്ത്യൻസ്,* വാല്യം *2, മാത്യു – മാർക്ക്* (ഓക്സ്ഫോർഡ് യൂണിവെഴ്സിറ്റി പ്രസ്, 1859; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ, 1979), 359–60. [3]പിലാത്തൊസ് യെഹൂദ്യയിലെ "സൈന്യാധിപനായിരുന്നു." ചില പുരാതന എഴുത്തികളിൽ അവനെ "നാടുവാഴി" എന്നാണ് പറഞ്ഞിരിക്കുന്നത്. ചിലർ കരുതുന്നത് ആ വാക്ക് കാലഗണനസ്ഖലനമാണ് എന്നത്രെ. [4]നോക്കുക ബ്രൂസ് എം. മെറ്റ്സ്ജർ, *ഏ ടെക്സ്ചൽ കമെന്ററി ഓൺ ദ ഗ്രീക്ക് ന്യൂടെസ്റ്റമെന്റ്*, 2ഡ് എഡി. (സ്റ്റട്ട്ഗർട്ട്: ജെർമ്മൻ ബൈബിൾ സ്വസൈറ്റി, 1994), 54–55. [5]ജോസെഫസ് *ആന്റികിറ്റിസ്* 18.2.2; ഫിലോ എമ്പസി ടു ഗായിയസ് 299–305; ടാസിറ്റസ് അന്നൽസ് 15.44. [6]ഹെറോൾഡ് ഹേഗെനർ, *ഹെരോദ് അന്തിപ്പാസ്*, സ്വസൈറ്റി ഫോർ ന്യടെസ്റ്റമെന്റ് സ്റ്റഡീസ് മോണോഗ്രാഫ് സീരീസ്, 17 (കെയിംബ്രിഡ്ജ്: കെയിംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ്, 1972), 173. [7]ജോസെഫസ് *ആന്റികിറ്റിസ്* 18.3.1–2; 18.4.1–2; *വാഴ്സ്* 2.9.2–4. [8]ജോസെഫസ് *ആന്റികിറ്റിസ്* 18.3.1. [9]മൈക്കിൾ ജെ. വിൽക്കിൻസ്, "*മാത്യു*," *ഇൻ സോണ്ടർവാൻ ഇല്ലസ്ട്രേറ്റഡ് ബൈബിൾ ബാക്ഗ്രൗണ്ട്സ് കമെന്ററി,* വാല്യം 1, *മാത്യു, മാർക്ക്, ലൂക്ക്,* എഡി. ക്ലിന്റൺ ഈ. ആർണോൾഡ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, 2002), 171. [10]വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ*, 3ഡ് എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക് ഡബ്ലിയു. ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 666.

[11]വിൽക്കിൻസ്, 172. നോക്കുക താൽമൂദ് *അബോദാ സാറാ* 18ഏ. [12]നോക്കുക ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1992), 696. [13]വിൽക്കിൻസ്, 172. യിരെമ്യാവ് 19:2 പറയുന്നത് "ബെൻ-ഹിന്നോമിലേക്ക്" നയിക്കുന്ന "പോട്ഷേർഡ് ഗെയിറ്റ്" എന്നാണ്. [14]ചില പുരാതന കയ്യെഴുത്തു പ്രതികളിൽ,

“യിരെമ്യാവിന്” പകരം “സെഖര്യാവ്” എന്നാണ്. എങ്ങനെയായാലും, ആ വായന ഒരുപക്ഷെ വേദഭാഗം തിരുത്തുവാനായിരിക്കാം. ചില കയ്യെഴുത്തുപ്രതികളിൽ പേരു തന്നെയില്ല; വൈപരീത്യമില്ലാതാക്കുവാനായിരിക്കാം “യിരെമ്യാവ്” എന്ന പേർ നീക്കം ചെയ്തത് (മെറ്റ്സ്ജർ 55.) [15]ഈ വിചാരണയുടെ കൂടുതൽ വിവരങ്ങൾക്ക് നോക്കുക, യോഹന്നാൻ 18:28-19:16. [16]കൂടുതൽ വിവരങ്ങൾക്ക് നോക്കുക, ബാർഗിൽ (വെർജിൽ), പിക്സ്നർ, “പ്രീയിറ്റോറിയം,” ഇൻ *ദ ആങ്കിൽ ബൈബിൾ ഡിക്ഷ്ണറി,* എഡി. ഡേവിഡ് നോവേൽ, ഫ്രീഡ്മാൻ (ന്യുയോർക്ക്: ഡബിൾഡേ, 1992), 5:447-49. [17]ജോസെഫസ് *വാഴ്സ്* 5.4.2. [18]ജോസെഫസ് *ആന്റിക്വിറ്റിസ്* 20.8.11. [19]ഇബിഡ്., 5.4.3, 4. [20]ജോസെഫസ് *വാഴ്സ്* 2.15.5.

[21]മിഷ്നാ *പെസാഹിം* 8.6. [22]വിൽക്കിൻസ്, 173. [23]“അബ്ബാ” എന്നത് ഇവിടെ ഒരു മനുഷ്യന്റെ പേരാണ് (താൽമൂദ് *ബെരാകോത്* 18ബി.). [24]അരാമ്യവാക്കായ *അബ്ബാ* എന്നതിന്റെ അർത്ഥം “അപ്പൻ” എന്നാണ് (മർ. 14:36; റോമർ 8:15; ഗലാ. 4:6). [25]ആർ ടി.ഫ്രാൻസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, ദ ടിൻഡേൽ ന്യുടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1985), 390. [26]മെറ്റ്സ്ജർ, 56. [27]യേശു ആധികാരികമായി സംസാരിച്ചതിനാലും, അത്ഭുതങ്ങളും അടയാളങ്ങളും കാണിച്ചതിനാലുമായിരുന്നു അവർക്ക് അവനോട് അസൂയ തോന്നിയത്. കൂടാതെ അവൻ അവരുടെ കാപട്യത്തെ തുറന്നു കാണിക്കയും ചെയ്തിരുന്നു (21:23-23:39). [28]ഡൊണാൾഡ് ഏ. ഹാഗ്നെർ, *മാത്യു 14-28,* വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം 33ബി (ഡള്ളാസ്: വേർഡ് ബുക്സ്, 1995), 823. [29]*ഡികായിയോസ്* ലൂക്കൊസ് 23:47 ലും കാണാം; അവിടെ എൻഏഎസ്ബി പറയുന്നത് “നിരപരാധി” എന്നാണ്. [30]വിൽക്കിൻസ്, 173.

[31]ഫ്രാൻസ്, 389. [32]യേശുവിന്റെ മരണത്തിന് അപ്പൊസ്തലന്മാരാണ് ഉത്തരവാദികളെന്ന് ന്യായാധിപസഭ പിന്നീട് ആരോപിച്ചത് വൈപരീത്യമുളവാക്കുന്നതാണ് - അതായത് “ആ മനുഷ്യന്റെ രക്തം ഞങ്ങളുടെ മേൽ വരുവാൻ ഉദ്ദേ [ശിച്ചു.]” (പ്രവൃ. 5:28). [33]മോറിസ്, 708. [34]ജോസെഫസ് *വാഴ്സ്* 2.14.9; 5.11.1. [35]ഡേവിഡ് ഡബ്ലിയു. വീഡ്, “സ്കോർജ്,” *ഇൻ ദ ഇന്റർനാഷ്ണൽ സ്റ്റാൻഡേർഡ് ബൈബിൾ എൻസൈക്ലോപീഡിയ*, റെവ. എഡി., ജെഫ്രി ഡബ്ലിയു. ബ്രോമിലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1988), 4:358-59. മറ്റു സാഹചര്യങ്ങളിൽ റോമാക്കാർ രോഡുകൾ ഉപയോഗിച്ചിരുന്നു (പ്രവൃ. 16:22, 23; 2 കൊ. 11:25). യെഹൂദന്മാർ പ്രത്യേകിച്ച് ചാട്ട കൊണ്ടടിച്ചിരുന്നു, എന്നാൽ അവരുടെ അടി മുപ്പത്തി-ഒൻപതാക്കി ചുരുക്കിയിരുന്നു (10:17ന്റെ പരാമർശം നോക്കുക). റോമാക്കാർക്ക് അത്തരം നിയന്ത്രണങ്ങൾ ഇല്ലായിരുന്നു. [36]ജോസെഫസ് *വാഴ്സ്* 2.21.5; 6.5.3. [37]*ഡൈജെസ്റ്റ് ഓഫ് ജസ്റ്റിനിയൻ* 48.19.8.3. [38]ബാവർ, 936. [39]ഇബിഡ്., 1085. [40]ഇബിഡ്., 554.

[41]എച്ച്. സെന്റ്. ജെ. ഹാർട്, “*ദ ക്രൗൺ ഓഫ് തോൺസ് ഇൻ ജോൺ* 19, 2-5” ജേണൽ ഓഫ് തിയോളജിക്കൽ സ്റ്റഡീസ്, എൻ. എസ്.3 (ഏപ്രിൽ 1952): 66-75. [42]ഫ്രാൻസ്, 394. *[43]സൂടോണിയസ് കലിഗുളാ 32.2;* ഡൊമീഷ്യൻ 10.1; ഡയോ കാസിയസ് *റോമൻ ഹിസ്റ്ററി* 54.3.7. [44]ഫിലോ *എമ്പസി ടു ഗായിയസ്* 38. [45]യൂസേബിയസ് *എക്ലേഷ്യാസ്റ്റിക്കൽ ഹിസ്റ്ററി* 2.7.